Vol. II.) May 1931. (No. 5.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരങ്ങളിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ.

ക.	മാതൃഗീതി (ഗാനം)	ക ഛ ൻ.
ഖ.	സപ്തർഷാരോഹണം	ക ന ാ.
ന.	ദൈവജനനിയുടെ ജീവചരിത്രം	ക ന ക.
ർ.	മാപ്പിപ്പായുടെ സന്ദേശം	ക ന ർ.
ങ.	"അപ്പൻ മോക്ഷത്തിൽ പോകുമോ?"	ക ർ ാ.
ന്യ.	ബ്രഹ്മമൈത്രാപ്പോലീത്തായുടെ പ്രസംഗം	ക ർ ഖ.
ാ.	അകത്തോലിക്കന്റെ അഭിനന്ദനം	ക ർ ാ.
വ.	പൊതുനിയോഗം	ക ർ ൻ.
ൻ.	ഒരു സാധനപാഠം (പദ്യം)	ക ങ ാ.
ക്ഷ.	മസൂരി	ക ങ ഖ.
കക.	ശതാബ്ദ ജൂബിലി	ക ങ ന്യ.
കഖ.	കുറിപ്പുകൾ	ക ങ ൻ.
കന.	പരസ്യങ്ങൾ	
കർ.	പഞ്ചാംഗം	

പുതിയ പുസ്തകങ്ങൾ.

1. അനന്തസ്മരം. (പീഡാനുഭവ ധ്യാനങ്ങൾ) ക ർ ാ
2. ആത്മീയമന്നാ. (ഒരു ജപപുസ്തകം ഒന്നാം ഭാഗം) ാ ർ ാ
3. സംഗീതജപമാല (കൊന്ത) ാ ക ാ
4. പൊന്പുഷ്പസഹോദരികാ. (ഒരു സന്ദർശന വിവരണം) ാ ർ ന്യ

അഭിപ്രായിക്കേണ്ടും മേൽവിലാസം—

മാനേജർ,

പൊന്പുഷ്പമുദ്രാലയം,

തേവര, എറണാകുളം.



മഹാ വന്ദ്യ ദിവ്യശ്രീ ബഥനി മെത്രാപ്പോലീത്താ
മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട്.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨. } മേയ് ൧൯൨൨. { ലക്കം ൪.

മാതൃഗീതി.

(കെ. വി. ജോസഫ്, മഞ്ഞുമ്മൽ.)

കമാശ് ആദി. മയിൽവാഹനമേറി എ. മ.

കന്നിമേരിയെ! മാതേ! പാലയമാം - കന്നി.

1. നിൻപദാബ്ജ ഭക്തി ചേർത്തു കന്നി.
2. എന്നല്ലൽ നീക്കുക വിമലേ! കന്നി.
3. മഹത്തര ഇതഗണത്തിലനുപമെ! കന്നി.
4. നാരിമാരിൽ റാണി! താപ
പാരാവാര വാരമണയ്ക്ക നീ കന്നി.

അനുപല്ലവി.

വരം തരുമമലേ! വരതരജനനീ.
ഉള്ളിൽ തിങ്ങീടും തള്ളൽ മോദാൽ - വേഗം - തീർത്തി
ദൊഹര. (വനെ നീ - കന്നി.
ഭവിയിതിലലയുന്ന - ഭക്തഗണങ്ങളിൽ
ഭവികമണയ്ക്കണേ ഭക്തവത്സലയെ!

ചരണം.

തവ നതിയനുദിനം - മണച്ചിടുവോക്കെന്നും
നിനരത്തനാത്തിനാം - പനാതനം നീക്കണമെ. കന്നി.

സ്വർഗ്ഗാരോഹണം.

തിരുസഭയിൽ അതിപുരാതനകാലം മുതൽ പ്രതിവർഷം അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടുവരുന്ന ഒരു തിരുനാളാണല്ലൊ നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം. നമ്മുടെ കർത്താവീശോമ്ശിഹായുടെ ജീവിത രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുന്ന ഒരു സത്യവിശ്വാസിയുടെ ഹൃദയാന്തർഭാഗത്തു് ഈ ദിവസം ഉളവാകുന്ന സന്തോഷം വാചാമഗോചരമെന്നു പറയാനുള്ളു. ഇതു് അനിതരസാധാരണമായ വിജയത്തിന്റെ സ്മാരകദിനമാണു്. പഴയനിയമത്തിലെ നീതിമാന്മാരുടെ ആത്മാക്കൾ പൂർവ്വവാസസ്ഥലത്തു് നിന്നും വിമോചിക്കപ്പെടുകയും വിജയസന്തോഷസമന്വിതം ഇന്നു സ്വർഗ്ഗത്തിലേക്കു് പുറപ്പെടുകയും ചെയ്തിരിക്കുന്ന ദൈവൈകതന്മാരും ആഹ്ലാദഭരിതരായിക്കാണപ്പെടുന്നു; കാരണം മാലാഖമാരുടെ അധഃപതനത്താൽ പൂർവ്വകാലം മുതൽ ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലം വീണ്ടെടുക്കപ്പെട്ട ആത്മാക്കളുടെ മഹനീയ പ്രവേശനത്താൽ കൈവശപ്പെട്ടുതുടങ്ങിയിരിക്കുന്നതിനെ ഇന്നു അവർ സസന്തോഷം ആത്മാവിൽക്കാണുന്നുവീക്ഷിക്കുന്നതു്. മ്ശിഹായുടെ ആദിമ ആഗമനത്തെക്കുറിച്ചുള്ള ദീർഘദർശനങ്ങളാൽ അക്ഷരംപ്രതി ഇന്നു പരിപൂർത്തിയായിരിക്കുന്നതുകൊണ്ടു പ്രവാചകന്മാരുടെയിടയിലുള്ള പ്രഹർഷമോ പറയാനുമില്ല. പരിശുദ്ധ കന്യക, തന്റെ വാത്സല്യകുമാരൻ ദുഃഖവെള്ളിയാഴ്ചയിലെ കുരിശിനു പകരം സൌഭാഗ്യസമ്പൂർണ്ണവും നിത്യവുമായ ഒരു സിംഹാസനത്തെ സ്വർഗ്ഗത്തിൽ സ്ഥീകരിച്ചിരിക്കുന്നതിനെകണ്ടു ആനന്ദപൂരിതയായിരിക്കുന്നു.

ഈശോമ്ശിഹാ വഴിയായി മനുഷ്യസ്വഭാവം മഹത്വീകരിക്കപ്പെട്ടുകയും അതിന്റെ സ്രഷ്ടാവിന്റെ വലതു വശത്തു സ്ഥിമാസനാരൂഢമാകയും ചെയ്തിരിക്കുന്നു. മനുഷ്യവർഗ്ഗം, തങ്ങൾക്കു ശക്തനായ ഒരു മദ്ധ്യസ്ഥനെ നമ്മനസ്സുള്ളവക്കു നിത്യഭാഗ്യത്തെ ഒരുക്കുന്നതിനായി മോക്ഷത്തിൽ ലഭിച്ചിരിക്കെകൊണ്ടു്

ആനന്ദത്തുന്ദിലരായിത്തീർന്നിരിക്കുന്നു. മ്ശിഹാതന്നെയും ജയശാലിയായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അവസാനദിവസം ഉയിർവരേയും മരിച്ചവരേയും വിധിക്കുവാൻ വരുന്നതുവരെ അവിടുന്ന് എല്ലാ ജാതികളെയും ഭരിച്ചുനടത്തുന്നതായിരിക്കും.

ഈ ക്രിസ്തുശരീരത്തോടുകൂടെ ഈ ലോകത്തിൽനിന്ന് യഥാർത്ഥത്തിൽ വിട്ടുപോയിരിക്കുന്നു. ഉയിർപ്പുതിരുനാളിലെ തിരി ഇരുനൂറ്റിപതിനാറാം ബഥിപീഗിന്റെ ഒരു വശത്തു മ്ശിഹായുടെ ഉത്ഥാനത്തെ അനുസ്മരിപ്പിക്കുമാറു ജ്വലിച്ചുകൊണ്ടിരുന്നു. എന്നാൽ ഇന്നത്തെ ദിവ്യപൂജ സമയത്തു ആ തിരി കെട്ടുത്തി അവിടെനിന്നും എടുത്തുകളയുന്നു. എങ്കിലും ഈശോമ്ശിഹാ യഥാർത്ഥത്തിലും സത്യമായിട്ടും നമ്മുടെ സക്രാരികളിൽ അധിവസിച്ചുകൊണ്ട് തന്റെ പക്കൽ സമീപിക്കുന്നതിനു നമ്മെ ക്ഷണിക്കുന്നു. ഈ വി. ക്രൂശാരോഹണവഴിയായി ദിവ്യശക്തി പ്രാപിച്ചു അവിടത്തെ സ്വർഗ്ഗാരോഹണത്തിന്റെ അവകാശികളായിത്തീരുന്നതിനുള്ള വരപ്രസാദം നമുക്കു നൽകുന്നതിനും അവിടുന്നു സദാ ആഗ്രഹിക്കുന്നു. ഈ ക്ഷണത്തെ ഫലപ്രദമാക്കുന്നവർ അനുഗ്രഹിതരത്രേ.

ദൈവജനനിയുടെ ജീവചരിത്രം.

(സ്വർഗ്ഗാരോഹണാനന്തരമുള്ള സംഭവങ്ങൾ)

൧. ബാഹ്യജീവിതം.

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണാനന്തരമുള്ള പരിശുദ്ധ കന്യകയുടെ ജീവിതത്തിലെ രണ്ടു സംഗതികളെപ്പറ്റി മാത്രമേ വേദപുസ്തകത്തിൽ പ്രസ്താവിച്ചുകാണുന്നുള്ളൂ. അവയിൽ ഒന്നു ദേവമാതാവു ശ്ലീഹന്മാരോടുകൂടെ സഹവാസം ചെയ്തിരുന്നുവെന്നും മറെറാന്നു അവളുടെ പുത്രന്റെ വാത്സല്യശിഷ്യനായ യോഹന്നാൻ തന്റെ പ്രത്യേക സംരക്ഷണത്തിൽ അ

വളെ സ്വീകരിച്ചിരുന്നുവെന്നുമാണ്. നമ്മുടെ കത്താവിന്റെ ഉയിർപ്പിനുശേഷം പതിനഞ്ചു വർഷത്തോളം ദേവമാതാവു ജീവിച്ചിരുന്നു. യെരുശ്ലേം നഗരത്തിൽ മൌണ്ടു സിയോണിലുള്ള ഒരു സാധാരണ ചെറുഭവനത്തിലാണു പ. കന്യക തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും കഴിച്ചുകൂട്ടിയതു. ദൈവമാതാവിന്റെ മരണശേഷം ശ്ലീഹന്മാർ ഈ വാസസ്ഥലത്തെ ഒരു ദേവാലയമായി രൂപാന്തരപ്പെടുത്തി.

പ. മറിയത്തിന്റെ ജീവിതത്തിലെ ഈ ഘട്ടത്തെക്കുറിച്ചു ഒരു ദൈവദൂതൻ വി. ബ്രിജീത്തായ്ക്കു നല്കിയ വിവരണം അത്യന്തം ഹൃദ്യമായിട്ടുള്ളതാണു. "ദൈവപുത്രൻ സ്വപിതാവിന്റെ അടുക്കലേക്കു മടങ്ങിപ്പോയ അവസരത്തിൽ തന്റെ മാതാവായ പ. കന്യക തന്റെ വേർപാടിനുശേഷം കുറെനാൾ ഭൂമിയിൽതന്നെ താമസിച്ചു് നല്ലവരെ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പാപികളെ മനസ്സുതിരിക്കുന്നതിനും അവിടുന്നു ആഗ്രഹിച്ചിരുന്നു. ക്രൂശാതെ അപ്പസ്തോലന്മാർക്കു ഒരു മാതാവും ആദ്യവേദസാക്ഷികൾക്കു ഒരു ആദരവും ഖ്യാപകന്മാർക്കു ഒരു അധ്യാപികയും കന്യകമാർക്കു ഒരു മാതൃകയും വിധവകൾക്കു ഒരു ആശ്വാസവും വിവാഹിതർക്കു ഒരു ഉപദേശികയുമായിട്ടുകൂടെ തന്റെ മാതാവിനെ അവിടുന്നു നിശ്ചയിച്ചു. ഈ ഉദ്യോഗം പരി. കന്യക വിശ്വസ്തതയോടുകൂടെ നിർവ്വഹിച്ചു. അതു എങ്ങിനെയെന്നാൽ തന്റെ തിരുക്കുമാരന്റെ ജീവചരിത്രത്തിൽ ശ്ലീഹന്മാർ അറിയാത്തതോ അപൂർണ്ണമായിട്ടുമാത്രം അറിഞ്ഞിരുന്നതോ ആയ സംഗതികളെ അവർ വിശദമാക്കികൊടുത്തു. പരിശുദ്ധാത്മാവു ശ്ലീഹന്മാർക്കു പ്രകാശം നല്കിയെങ്കിലും അവരെല്ലാവരെക്കാളും പ്രകാശം ദേവമാതാവിനു ലഭിച്ചിരുന്നു. തങ്ങൾക്കുവേണ്ടിയും തങ്ങളുടെ നിത്യരക്ഷക്കായിട്ടും അനവധി പീഡകൾ സ്വമനസ്സാലെ സഹിച്ച മ്ശിഹായെപ്രതി എല്ലാ സങ്കടങ്ങളും ധൈര്യത്തോടും സന്തോഷത്തോടുംകൂടെ സഹിക്കുന്നതിനു വേദസാക്ഷികളെ അവർ പ്രോത്സാഹിപ്പിച്ചു. ദിവ്യരക്ഷകന്റെ മരണത്തിനു മുമ്പു മുപ്പത്തിമൂന്നു വർഷക്കാലം അനിതര

സാധാരണമായ ക്ഷമയോടുകൂടി ഇടവിടാതെയുള്ള ഹൃദയപീഡകളും താൻ അനുഭവിച്ചതിനെയും അവരെ അവൾ അനുസ്മരിപ്പിച്ചു. ആദ്യ ശ്ലീഹകന്മാർക്ക് അവൾ അനേക ഉപദേശങ്ങളും സഹിനയും നൽകുകയും ഭർവളുടെ പ്രസംഗവും പ്രവൃത്തിയും അനുസരിച്ചു മ്ശിഹായെ അവർ അനുകരിയ്ക്കുയുംചെയ്തു. കന്യകമാർ വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും എപ്രകാരം ശുദ്ധിയുള്ളവരായിരിക്കണമെന്നും ലൗതപം മുതലായ പാപഹേതുക്കളെ അവർ എങ്ങിനെ ഉപേക്ഷിക്കണമെന്നും ദൈവസ്തുതിക്കും തങ്ങളുടെ ആത്മരക്ഷക്കുംവേണ്ടി അവർക്ക് എന്തെല്ലാം ചെയ്യുവാൻ സാധിക്കുമെന്നും അവരെ അവൾ പാഠിപ്പിച്ചു. തന്റെ ഭർത്താവായ യൗസേപ്പു പിതാവിന്റെ മരണത്താലും പ്രത്യേകിച്ചു തന്റെ ഏകപുത്രന്റെ ഹൃദയഭേദകമായ കുരിശുമരണത്താലും തനിക്കുണ്ടായ അസാധാരണമായ സങ്കടങ്ങളെല്ലാം ദൈവതിരുമനസ്സിനു കീഴ്പ്പഴങ്ങിക്കൊണ്ടു ക്ഷമയോടും സന്തോഷത്തോടുംകൂടെ താൻ സഹിച്ചതിനേയും ഏറ്റവും വലിയ ലൗകിക നന്മ ലഭിക്കുന്നതായാലും ദൈവത്തെ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നു താൻ നിശ്ചയിച്ചതിനെയും അവൾ വിധവമാരെ ഉൽബോധിപ്പിച്ചു സമാധാനചിത്തരാക്കിത്തീർത്തു. അവസാനമായി, ഭാര്യഭർത്താക്കന്മാർ തമ്മിൽ പരിശുദ്ധവും നിഷ്കാമവുമായ സ്നേഹത്താൽ പരസ്പരം സ്നേഹിക്കുന്നതിനും നന്മനസ്സോടുകൂടെ ദൈവശുശ്രൂഷയിൽ ബദ്ധശ്രദ്ധരായിരിക്കുന്നതിനും അവൾ ഉപദേശിച്ചു. തന്റെ നിർവ്യാതനായ ഭർത്താവിനും തനിക്കും ഏകമനസ്സുണ്ടായിരിക്കുകയും മരണം തങ്ങളെ വേർപെടുത്തിയതുവരെ വിശ്വസ്തതയോടുകൂടെ പരസ്പരം സ്നേഹിച്ചിരിക്കുകയും ചെയ്തിരുന്നതിനെ അവൾ അവരെ ഗ്രഹിപ്പിച്ചു."

തുടരും.

മാപ്പാപ്പായുടെ സന്ദേശം. (തുടർച്ച)

കത്തോലിക്കരോട്ട.

"ഇന്നി മനുഷ്യരോട്ട സംസാരിക്കാൻ തുടങ്ങുമ്പോൾ പൌലോസ്ശ്ലീഹായുടെ വാക്കുകളാണ് നാം അനുസരിക്കുന്നത്. എല്ലാ മനുഷ്യർക്കും വിശിഷ്യാ സത്യവിശ്വാസികളായിരിക്കുന്നവർക്ക നിങ്ങൾ നന്മ ചെയ്യുക. അതിനാൽ ദിവ്യയജമാനന്റെ കുടുംബവും ആട്ടിൻക്കൂട്ടവുമാകുന്ന കത്തോലിക്കസഭയിലേയ്ക്ക സ്വീകരിക്കപ്പെട്ടുകയും അതിൽ ജീവിക്കയും പിതാവെന്ന സ്നേഹസ്വരൂപമായ നാമം നമ്മെ വിളിക്കയും ചെയ്യുന്ന എല്ലാവരോട്ടും, അതായത എല്ലാവരുടേയും ഇടയനും രാജാവുമായ മിശിഹാ ഭക്ഷണവും ശിക്ഷണവും നൽകുന്നതിനു നമ്മെ ഏല്പിച്ചിട്ടുള്ള പിതാക്കന്മാരും പുത്രന്മാരും, ആടുകളും കുഞ്ഞാടുകളും, ആയ എല്ലാവരോട്ടും ആണ ആത്മാവായി സംസാരിക്കാൻ നാം ഇഷ്ടപ്പെടുന്നത്.

വൈദികാദ്ധ്യക്ഷന്മാരോട്ട.

"ചിത്രഭാ രോമാസഭയിലെ കർദിനാളന്മാർ, പാത്രിയക്കീസുമാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, പ്രീലേറുമാർ, പട്ടക്കാർ എന്നീ വിവിധ വൈദികപദത്തിൽ നമ്മുടെ കൃഷിവേലക്കാരായിരിക്കയും നമ്മുടെ ഉൽകണ്ഠാപൂർവ്വമായ ചിന്തയ്ക്ക് പ്രധാന വിഷയമായിരിക്കയും നമ്മുടെ പ്രയത്നങ്ങളിൽ വിശ്വസ്ത സഹകാരികളും സഹായികളുമായിരിക്കയും ചെയ്യുന്ന നിങ്ങളോട്ടും നാം സംസാരിക്കുന്നു. നിങ്ങൾ ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്ന വേല സ്ഥിരോത്സാഹമായി ചെയ്യണമെന്നും ആ വിളിക്ക യോഗ്യമായവിധം നിങ്ങൾ ജീവിക്കണമെന്നും നാം ഓരോരുത്തരോട്ടും ഗൌരവമായുപദേശിക്കുന്നു. നിങ്ങളുടെ ആത്മികജീവിതം ആടുകൾക്ക ഒരു മാതൃകയായിത്തീരുകയും ഇടയന്മാരു

ടെ ശ്രേഷ്ഠൻ എഴുന്നള്ളുമ്പോൾ അക്ഷയമായ മഹത്വത്തിന്റെ കിരീടം നിങ്ങൾക്കു ലഭിക്കയും ചെയ്യുന്നതുകൊണ്ടു നിങ്ങളുടെയിടയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടങ്ങളെ നിങ്ങൾ മേയ്ക്കുവിൻ. ആട്ടുകളുടെ പ്രധാന ഇടയനായ നമ്മുടെ കർത്താവീശോമിശിഹായെ, രക്ഷാ ചിന്തിക്കൊണ്ടു ചെയ്ത എന്നന്നേയ്ക്കുമുള്ള തന്റെ ഉടമ്പടിയാൽ, പുനർജ്ജീവിപ്പിച്ച സമാധാനത്തിന്റെ ദൈവം നിങ്ങളെ സർവ്വനന്മകളാൽ അലങ്കരിക്കുന്നതിനാൽ തൽഫലമായി നിങ്ങൾ ഈശോമിശിഹായോടു യോജിച്ചു അവിടത്തെ തിരുമുമ്പിൽ എന്തെല്ലാം ഇഷ്ടപ്പെട്ടവരായി ഇരിക്കുന്നതുകൊണ്ടും, അവിടത്തെ ഹിതം അനുവർത്തിക്കുന്നതിനാൽ സംഗതിയാകട്ടെ.

സന്ന്യാസജീവിതക്കാരോട്.

"നമ്മുടെ വാത്സല്യഭാജനങ്ങളായ പുത്രന്മാരും പുത്രികളുമായവരെ, ഉപരിദാനങ്ങൾക്കായിക്കൊണ്ടുള്ള ആസക്തിയാൽ ദൈവപ്രമാണങ്ങൾമാത്രം അനുസരിച്ചു തൃപ്തിപ്പെടാതെ, പരിശുദ്ധമായ പരസ്നേഹപ്രകാരം ചെയ്യാം ഭക്തിപരമായവിധം സപ്രജീവിതം മുഴുവനും നിയന്ത്രിച്ചും ദിവ്യരാജാവും മണവാളനുമായ മിശിഹായുടെ ആഗ്രഹങ്ങളും ഉപദേശങ്ങളും വിശ്വസ്തതയോടെ നിറവേറ്റിപ്പോരുന്ന നിങ്ങളോടാണ് ഇനി നാം സംസാരിക്കുന്നതു്. ദൈവത്തിന്റെ സഭ നിങ്ങളുടെ ചാരിത്ര്യസൗരഭ്യത്താൽ നിറയുകയും നിങ്ങളുടെ ദാനങ്ങളാൽ മഹത്വീകരിക്കപ്പെടുകയും നിങ്ങളുടെ പ്രാർത്ഥനകളാൽ താങ്ങപ്പെടുകയും നിങ്ങളുടെ ശാസ്ത്രജ്ഞാനത്താൽ പരിപോഷിപ്പിക്കപ്പെടുകയും നിങ്ങളുടെ അപ്പസ്തോലിക പ്രസംഗങ്ങളാലും പ്രവൃത്തികളാലും അനുദിനം മനോഹരവും പരിപൂർണ്ണവുമാക്കപ്പെടുകയും ചെയ്യുന്നു.

അതിനാൽ നിങ്ങൾ ചെയ്വാൻ വിളിക്കപ്പെട്ടിരിക്കുന്ന ജോലി യഥാർത്ഥത്തിൽ സ്വർഗ്ഗീയവും മാലാഖമാർക്കർഹവുമാകുന്നു. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ഈ സമ്പത്തു എത്രയധികം വിലതീരാത്തതായിരിക്കുന്നുവൊ അത്രയധികം താല്പര്യത്തോടുകൂടി നിങ്ങൾ അതിനെ സൂക്ഷിക്കണം. തൽഫലമായി നിങ്ങളു

ടെ വിളിയും തിരിഞ്ഞെടുപ്പും സുരക്ഷിതമാക്കുന്നതിനുപുറമെ, സ്വാമിഭക്തരും വിശ്വസ്തരുമായ ഭൃത്യന്മാരെന്ന നിലയിൽ, നിങ്ങളുടെ രാജാവും മണവാളനുമായ ഈശോയുടെ അളവില്ലാത്ത സ്നേഹത്തിനു പ്രതിഫലമായി മനുഷ്യർ കാണിക്കുന്ന അസംതൃപ്തിയും നിന്ദിക്കേടുകൾക്കും ഉപേക്ഷകൾക്കും ആശ്വാസവും പരിഹാരവും നൽകാൻ അവിടുത്തെ തിരുഹൃദയത്തിനു നിങ്ങൾ കാഴ്ചകൾ അർപ്പിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

മിഷ്യനറിമാരോട്.

ലോകമെങ്ങുമുള്ള മിഷ്യൻ പ്രദേശങ്ങളിൽ മ്ശിഹായുടെ സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിനും അവിടുത്തെ രാജ്യം പരത്തുന്നതിനും പ്രയത്നിക്കയും പ്രയത്നിക്കയും ചെയ്യുന്ന മ്ശിഹായിൽ നമ്മുടെ എത്രയും പ്രിയപ്പെട്ട പുത്രന്മാരും പുത്രിമാരുമായ വരോടാണ് നാം ഇനി സംസാരിക്കുന്നതു. തിരുസ്സഭയിലെ അത്യുത്തമ അപ്പസ്തോലന്മാരെപ്പോലെ നിങ്ങളും ക്ഷമ പരീക്ഷിക്കുന്ന സംഭവങ്ങളാലും കഷ്ടതകളാലും ജീവിതാവശ്യങ്ങളാലും ലോകരുടെ ദർശനവിഷയമായിത്തീർന്നിരിക്കയാണല്ലൊ. കാരാഗൃഹവാസമനുഭവിച്ചും രക്തം ചൊരിഞ്ഞും വിശ്വാസത്തിന്റെയും സഹനത്തിന്റെയും മഹത്തായതും മനോഹരമായതുമായ സമരം ജീവാവസാനംവരെ നടത്തുകയും, നിങ്ങളുടെ ധീരധീരങ്ങളായ ജീവിതദൃഷ്ടാന്തങ്ങളാൽ ആത്മാക്കളെ രക്ഷിക്കയും, ഭാവി ക്രിസ്ത്യാനികൾക്കായുള്ള വിത്തുകൾ വിതക്കയും ചെയ്യുന്ന നിങ്ങളും ആ അപ്പസ്തോലന്മാരെപ്പോലെ മ്ശിഹായുടെ മഹത്വത്തിനു കാരണമായിരിക്കുന്നു. മ്ശിഹായുടെ ധീരയോദ്ധാക്കളേ, നാം നിങ്ങൾക്കു വന്ദനം പറയുന്നു. നിങ്ങളുടെ പ്രയത്നങ്ങളുടെ പ്രധാനഫലങ്ങളും അവയിൽ ഭക്തിപൂർവ്വം സഹകരിക്കുന്നവരുമായ സ്വദേശ വൈദികർക്കും വിശ്വസ്ത വേദോപദേശികൾക്കും നാം നമ്മുടെ അഭിവന്ദനങ്ങളെ നൽകുന്നു.

എല്ലാ വിശ്വാസികളോടും.

നമ്മുടെ കൃപയായ ഈ പട്ടണത്തിലുള്ള വിശ്വാസികളോടും, ലോകമാസകലമുള്ള വിശ്വാസികളോടും, നമ്മുടെ വന്ദ്യ

സഹോദരന്മാരായ മെത്രാന്മാരോടും പട്ടക്കാരോടും അപ്പസ്തോലവേലകളിൽ പങ്കുകൊള്ളുന്നവരായ അല്മേനികളോടും പ്രത്യേകിച്ചും, നാം ഹൃദയം തുറന്നു സംസാരിക്കുന്നു. ആദ്യ വിശ്വാസികളായ സ്ത്രീപുരുഷന്മാരെ പൌലോസ്ശ്ലീഹാ പ്രശംസിച്ചു പറഞ്ഞപോലെ, നിങ്ങളും ദൈവത്തിന്റെ ജനവും അവിടുത്തെ ആട്ടിൻക്രൂട്ടത്തിലെ ആടുകളുമാകുന്നു: നിങ്ങളും തിരഞ്ഞെടുക്കപ്പെട്ട സന്തതികളും രാജകീയ പുരോഹിതരും ഒരു വിശുദ്ധ കൂട്ടവും വിലയ്ക്കു വാങ്ങപ്പെട്ട ജനങ്ങളുമാകുന്നു. നിങ്ങളുടെ വിനയം എല്ലാ മനുഷ്യർക്കും പരിയപ്പെട്ടതായിരിക്കട്ടെ. സത്യമായതൊ, വിനീതമായതൊ, പരിശുദ്ധമായതൊ, മനോഹരമായതൊ, സൽകീർത്തിയുള്ളതൊ, അങ്ങനെയുള്ള, എന്തെങ്കിലും സുകൃതമൊ പ്രശംസാർഹമായ ശിക്ഷണമൊ നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ. അങ്ങിനെ ദൈവം നിങ്ങളാൽ മഹത്വീകരിക്കപ്പെടട്ടെ.

അവിശ്വാസികളോടും അകന്നുപോകുന്നവരോടും.

മിശിഹായുടെ വിശ്വാസത്തിൽനിന്നും ഐക്യത്തിൽനിന്നും ഇനിയും വേർപെട്ടിരിക്കുന്ന നിങ്ങളുടെ നേരെ നമ്മുടെ വിചാരങ്ങളും പ്രാർത്ഥനകളും തിരിയുന്നു. സകലത്തിന്റെയും കർത്താവായ ദൈവത്തിനു നാം ദിനംപ്രതി പ്രാർത്ഥനകളും ബലികളും അർപ്പിച്ചുകൊണ്ടു വിശ്വാസത്തിന്റെ പ്രകാശം നിങ്ങൾക്കു നല്കുണമെന്നും അവിടുത്തെ സ്വരം കേട്ടു നടക്കുന്ന ആടുകളുടെ ക്രൂത്തിൽ നിങ്ങളേയും കൂട്ടിക്കൊണ്ടു വരുവാൻ ഇടയനായ തിരുമനസ്സാകണമെന്നും നാം ഹൃദയപൂർവ്വം അപേക്ഷിക്കുന്നുണ്ടു്.

ഭരണകർത്താക്കന്മാരോടു്.

എല്ലാ മനുഷ്യരുടേയും കുടുംബത്തിന്റെ നന്മക്കു പൂർണ്ണമായുള്ളതുകൊണ്ടു് നാം ഒന്നാമതായി ഭരണകർത്താക്കന്മാരോടാണു് അപേക്ഷിക്കുന്നതു്. ഭീതിയോടും സ്നേഹത്തോടുകൂടി ഭരിച്ചു ജനനാശത്തെയല്ലാ, ജനരക്ഷണത്തെയാണു്, സാധിക്കേണ്ടതെന്നും ദൈവത്തിൽനിന്നല്ലാതെ യാതൊരു അധികാരവും പുറപ്പെട്ടതായിട്ടില്ലെ

ന്നും അധികാരികളെല്ലാം ദൈവത്തിനു കൃത്യമായ കണക്കു കൊടുക്കേണ്ടവരാണെന്നും എല്ലായ്പോഴും ഓർമ്മിക്കണമെന്നു നാം അവരോടു അപേക്ഷിക്കുന്നു.

ഭാണീയരോടു്.

ഭാണീയരോടു നാം പറയുന്നതായതു്: മനുഷ്യരോടായിട്ടല്ല, പിന്നയൊ ദൈവത്തോടായിട്ടു നിങ്ങൾ അനുസരണയുള്ളവരായിരിക്കുവിൻ. അധികാരികളോടു എതിർക്കുന്നവൻ ദൈവകല്പനയോടു എതിർക്കുന്നുവെന്നും അങ്ങിനെ എതിർക്കുന്നവർ തങ്ങൾക്കുതന്നെ നാശം വരുത്തിക്കൂട്ടുന്നുവെന്നും നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ.

ധനവാന്മാരോടു്.

ധനവാന്മാരോടും ദരിദ്രന്മാരോടും നമുക്കു പറയാനുണ്ടു്. തങ്ങൾ ലോകപരിപാലനയിൽ ദൈവത്തിന്റെ ശുശ്രൂഷകന്മാരും ദൈവത്തിന്റെ ദാനങ്ങളെ കൈകാര്യം ചെയ്യാൻ ചുമതലപ്പെട്ട കാര്യക്കാരുമാണെന്നു വിചാരിക്കണമെന്നു നാം ധനവാന്മാരെ ഓർമ്മപ്പെടുത്തുന്നു. ഈശോമിശിഹാതന്നെ ദരിദ്രന്മാരുടെ കാര്യം അവരെയാണു് ഏല്പിച്ചിരിക്കുന്നതു്. അവർ കൂടുതൽ ദാനങ്ങൾ കൈക്കൊണ്ടവരാകയാൽ അവരോടു കൂടുതൽ ഫലദിവ്യവിധിയാളൻ ആവശ്യപ്പെടുന്നതാണു്. ഗൌരവമായ പ്രബോധനമായി, "ധനവാന്മാരെ നിങ്ങൾക്കു ശാപം" എന്നു മിശിഹാ ഉച്ചരിച്ച വാക്യം അവർ ഒരിക്കലും മറക്കാതിരിക്കട്ടെ.

ദരിദ്രന്മാരോടു്.

നമ്മുടെ കർത്താവും രക്ഷിതാവുമായ ഈശോമിശിഹായുടെ ദാരിദ്ര്യത്തെ ചിന്തിക്കാൻ നാം ദരിദ്രന്മാരോടു ഗൌരവമായി ഉപദേശിക്കുന്നു. ആത്മികധനം സമ്പാദിക്കുവാൻ അവർക്കു മറെറല്ലാവരേക്കാളും എളുപ്പമാണെന്നുള്ള വസ്തുത മനസ്സുകളയരുതെന്നു നാം അവരോടു ആവശ്യപ്പെടുന്നു. അവരുടെ ജീവിതാവസ്ഥ കഴിവുള്ള എല്ലാ ന്യായമാർഗ്ഗങ്ങളിലൂടെ നന്നാക്കുവാൻ അവർ ശ്രമിക്കുമ്പോൾ നിർദ്ദോഷവും കപടരഹിതവുമായ ഹൃദയത്തോടുകൂടി തങ്ങളെ ദൈവത്തിന്റെ സംരക്ഷണയ്ക്കു ഏല്പിക്കയും യാ

തൊരു ഒപ്പുവുത്തിക്കായി അവരുടെ കർങ്ങൾ നീട്ടാതിരിക്കയും ചെയ്യട്ടെ.

തൊഴിലാളികളോടും മുതലാളികളോടും.

ശത്രുഭാവത്തോടുകൂടിയ എല്ലാ മത്സരങ്ങളും കലഹങ്ങളും വെടിഞ്ഞു മിത്രഭാവത്തോടും സാഹോദര്യത്തോടും യോജിക്കണമെന്നു നാം തൊഴിലാളികളോടും മുതലാളികളോടും ഹൃദയപൂർവ്വം അപേക്ഷിക്കുന്നു. മുതലാളികൾ തൊഴിലിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും, തൊഴിലാളികൾ അതിനുവേണ്ട ഉത്സാഹങ്ങളും ബുദ്ധിമുട്ടുകളും, നല്കിക്കൊണ്ടിരിക്കണം. ഇരുകൂട്ടരും നീതിയായതു ആഗ്രഹിക്കുകയും നീതിയായതു പ്രവർത്തിക്കയും ചെയ്യട്ടെ. ഇരുകൂട്ടരും ഒരേ സമയത്തു അന്യോന്യമുള്ളതും എല്ലാവർക്കുമുള്ളതുമായ നന്മക്കായി ക്രമത്തോടും സമാധാനത്തോടുംകൂടി പ്രയത്നിക്കട്ടെ.

പീഡിതന്മാരോട്.

ദുഃഖഭരം വേദനയനുഭവിക്കുന്നവരും കഷ്ടപ്പെടുന്നവരും പീഡിപ്പിക്കപ്പെടുന്നവരുമായ നിങ്ങൾക്കായിട്ടുതന്നെ, ദൈവത്തിന്റേയും സമുദായത്തിന്റേയും ശത്രുക്കളിൽനിന്നു ആ കഷ്ടതകളും പീഡയും അനുഭവിക്കുന്നവർക്കായി പ്രത്യേകിച്ചും, നമ്മുടെ അപ്പസ്തോലിക ആശീർവ്വാദം നല്കുകയെന്നതാണ്.

കാലത്തിൽ അവസാനമെങ്കിലും നമ്മുടെ മനസ്സിന്റെ വിചാരങ്ങളിലും നമ്മുടെ ഹൃദയത്തിന്റെ സ്നേഹത്തിലും ഈ വാക്കു ആദ്യമായിട്ടാണിരിക്കുന്നതു്. നമ്മുടെ പ്രാർത്ഥനകളും നമ്മളാൽ കഴിയുന്ന എല്ലാ സഹായവും നിങ്ങൾക്കായി അപ്പീലുചെയ്തുകൊണ്ടും എല്ലാവരുടേയും ധർമ്മസഹായത്തിനു നിങ്ങളെ ഏല്പിച്ചുകൊണ്ടും മിശിഹായുടെ പ്രതിനിധിയെന്ന നിലയിൽ നാം നിങ്ങളോടു പറയുന്നതായതു: ബുദ്ധിമുട്ടുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.

ഇനി നാം ചെയ്യേണ്ടതായി ശേഷിച്ചിരിക്കുന്ന കൃത്യം ഈ പട്ടണത്തിനും ലോകത്തിനും അതുകളിൽ വസിക്കുന്ന എല്ലാവർക്കും നമ്മുടെ അപ്പസ്തോലിക ആശീർവ്വാദം നല്കുകയെന്നതാണ്.

ഈ കൃത്യം നാം നിവ്വഹിക്കുന്നു. ബാവായുടേയും പുത്രന്റേയും റൂഹാദ്ക്കുദശായുടേയും നാമത്തിൽ. ആമ്മേൻ.

"അപ്പൻ മോക്ഷത്തിൽ പോകുമോ?"

(ഒരു യഥാർത്ഥസംഭവം)

കുറെനാൾമുമ്പു ഞാൻ ആസ്പത്രിയിലെ സഹോദരികൾക്കു ഒരു ധ്യാനപ്രസംഗം നടത്തുകയുണ്ടായി. ആ ദിവസങ്ങളിൽ അവരുടെ 'കപ്പേലാൻ' ജോലിയും ഞാൻതന്നെയാണു നിവ്വഹിച്ചിരുന്നതു. ഒരുദിവസം പ്രസംഗശേഷം ഞാൻ എന്തോ വായിച്ചുകൊണ്ടിരിക്കയിൽ ഒരു സഹോദരി എന്റെഅടുക്കൽ പാഞ്ഞുവന്നു, മോട്ടോർ അപകടത്തിൽപ്പെട്ട മരണാസന്നനായ ഒരു മനുഷ്യനെ ആസ്പത്രിയിൽ കൊണ്ടുവന്നിരിക്കുന്നു എന്നു ഗൽഗതസ്വരത്തിൽ പറഞ്ഞു.

ഞാൻ അയാൾക്കു പാടുള്ളവിധം അന്ത്യശുശ്രൂഷകൾ നടത്തുമെന്നുകരുതി സഹോദരിയുടെ പിന്നാലെ ശസ്ത്രശാലയിലേക്കു ഓടിച്ചെന്നു. അവിടെ എത്തിയപ്പോൾ സാധു മരണമടഞ്ഞു എന്നാണു ഡോക്ടർ എന്നോടു പറഞ്ഞതു; എങ്കിലും പ്രസന്നവദനനായിരുന്ന അയാളുടെ ദേഹത്തിൽ ചൂടുണ്ടായിരുന്നു.

സംശയത്തിൻകീഴ് ഞാൻ അയാൾക്കു പാപവിമോചനവും തൈലാഭിഷേകവും നല്കി. ഒരുപക്ഷെ ആ സമയം ആത്മാവു ശരീരത്തിൽനിന്നു പിരിഞ്ഞിട്ടില്ലായെങ്കിൽ അതു അത്യന്താ ഉപകാരപ്രദമായിരിക്കുന്നതാകകൊണ്ടാണു സഭ ഇപ്രകാരം ചെയ്യുന്നമെന്നു ഉപദേശിക്കുന്നതു.

അയാൾ യൗവ്വനയുക്തനായ ഒരു ആകർഷണീയ പുരുഷനായിരുന്നു. വയസ്സു നാല്പതു മാത്രമെയുണ്ടായിരുന്നുള്ളു. ദീർഘഗാത്രനും കാഴ്ചയിൽ അതി കോമളനുമായിരുന്നു. അയാളുടെ മുഖ

ത്തിന്റെ പ്രസന്നത മരണത്തിനുശേഷവും നശിപ്പിക്കുവാൻ കഴിഞ്ഞില്ല. അയാളുടെ ധർമ്മപത്നി ദുഃഖാവശയായി അരികിൽ മുട്ടുകുത്തിനില്ക്കുന്നു. രണ്ടുകുട്ടികളും സപിതാവിന്റെ ദേഹവിയോഗത്തിനു സാക്ഷികളായി അവിടെ നില്ക്കുന്നുണ്ടു.

സ്വന്ത കാറിൽ കുടുംബസമേതം ആശ്വാസത്തിനായി അദ്ദേഹം പട്ടണത്തിനു വെളിയിൽ പോകുകയായിരുന്നു. അവർ ചന്തസ്ഥലത്തു വന്നപ്പോൾ ഒരു വയസ്സു പ്രായമുള്ള കുട്ടി ഒരു പാവയെ മേടിക്കണമെന്നു ആഗ്രഹം കാണിച്ചു. അവന്റെ ആഗ്രഹം പൂർത്തിയാക്കുവാനായി പിതാവു കാറു നിറുത്തി പുറത്തിറങ്ങി അങ്ങുമിങ്ങും നോക്കാതെ തെരുവു കടക്കുവാനായി ഓട്ടകയിൽ വേറൊരു കാറുമായി ക്രൂട്ടിമുട്ടി നിലംപതിക്കയുണ്ടായതു.

ആസ്പത്രിയിൽ എത്തി പരിശോധന കഴിഞ്ഞപ്പോൾ പിതാവു മരിച്ചുപോയി എന്നു ഡോക്ടർ പ്രസ്താവിക്കുന്നതു കേൾക്കയിൽ നിഷ്കപടനായ ആ ബാലൻ ഒരു സഹോദരിയോടു, "അമ്മെ, അപ്പൻ മോക്ഷത്തിൽ പോകുമോ?..... അപ്പൻ ഞായറാഴ്ച കുർബ്ബാന കണ്ടിരുന്നു, മാസംതോറും കുർബ്ബാന ഉറപ്പിക്കൊള്ളുകയും ചെയ്തിരുന്നു. അപ്പൻ മോക്ഷത്തിൽ പോകും, ഇല്ലെ, അമ്മെ" എന്നു പറഞ്ഞു.

അപ്പന്റെ ചരമപ്രസംഗം ആ ബാലൻതന്നെയാണു നടത്തിയതു. ഇതിനെക്കാൾ കൂടുതൽ സ്തുത്യർഹമായി എന്താണു പറയേണ്ടതു! ഞായറാഴ്ച മുടക്കംകൂടാതെ ഭക്തിപൂർവ്വം കുർബ്ബാന കാണുന്നതും പ്രതിമാസം ഭിക്ഷകാരുണ്യം സ്വീകരിക്കുന്നതും ഒരു ക്രിസ്ത്യാനിക്കു മോക്ഷത്തിൽ പോകുന്നതിനുള്ള ഉത്തമമാർഗ്ഗമാണു.

പിതാവിന്റെ ദൃഷ്ടാന്തം മക്കളുടെ ശൈശവഹൃദയങ്ങളിൽ എങ്ങിനെ പതിയുന്നു എന്നു ഈ കുട്ടി ഇവിടെ കുടുംബപിതാക്കന്മാർക്കു വേറൊരു ഉപദേശവും നല്കുന്നു.

ഫാദർ മേയർ.

ബഥനി മെത്രാപ്പോലീത്താ

മാർ ഇവാനിയോസ് തിരുമേനിയുടെ ഒരു പ്രസംഗം. *

മാത്തോമ്മാ ശ്ലീഹായുടെ മക്കൾ ഏകോദര സഹോദരന്മാരെന്നുള്ള നിലയിൽ വർത്തിക്കേണ്ടതു ആവശ്യംതന്നെ. ദൈവികമായി ചിന്തിക്കുന്നതായാൽ അതു അത്യാവശ്യവുമായിരിക്കുന്നു. പരിശുദ്ധ റൂഹായുടെ പ്രേരണക്കല്ലാതെ പഴയ മുറിവിനെ കരിച്ചുകളവാൻ ശക്തിയില്ല. യാക്കോബായ സമുദായത്തിൽ ഇന്നോളം ഉണ്ടായിട്ടുള്ള സർവ്വവിധകുഴപ്പങ്ങളാലും ദൈവം ചൂണ്ടിക്കാണിക്കുന്നതു എന്താണെന്നു അവക്കു ഗ്രഹിപ്പാൻ ശക്തി ഉണ്ടാകേണ്ടതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. എത്രയോ സംവത്സരങ്ങളായി ഭിന്നിച്ചുപോയ സഹോദരങ്ങളുടെ മനസ്സു തിരിവിനെ ഉദ്ദേശിച്ചു സർവ്വ കത്തോലിക്കാ പള്ളികളിലും, ആശ്രമങ്ങളിലും, മഠങ്ങളിലും പ്രാർത്ഥനകൾ നടത്തിക്കൊണ്ടാണിരിക്കുന്നതു. എത്രയോ ലക്ഷം ജനങ്ങൾ ചെയ്യുന്ന ആ നിലവിളിയുടെ ഫലംകൊണ്ടുംകൂടെയാണു മാതൃസഭയുമായി പുനരൈക്യപ്പെടുവാൻ നമുക്കു സംഗതിയായിട്ടുള്ളതെന്നു നാം വിശ്വസിക്കുന്നു.

നാം കത്തോലിക്കാ തിരുസഭയിൽ ചേർന്നതിൻറശേഷം അകത്തോലിക്കർ വിശേഷിച്ചു യാക്കോബായക്കാർ പലവിധത്തിലുള്ള അപവാദങ്ങൾ പരത്തിക്കൊണ്ടിരിക്കുന്നുണ്ടു. അവരുടെ ദൃഷ്ടിയിൽ നാം മഹാ ചതിയന്മാർ കള്ളന്മാരത്രെ. 'ഞങ്ങളെ പറഞ്ഞുവിട്ടതുപോലെ അദ്ദേഹം നിങ്ങളെയും പറഞ്ഞയക്കുമെ'ന്നാണു അവർ കത്തോലിക്കരോടു പറയുന്നതു. യാക്കോബായ സഭയിലെ വഴക്കും, മത്സരവും, അഹങ്കാരവും, അനുസരണയില്ലായ്മയും ഉപേക്ഷിച്ചു പോരുവാൻ പരിശുദ്ധ റൂഹാ നമ്മെ പറഞ്ഞയക്കുന്നതെ ചെയ്തു. യാക്കോബായ സഹോദരങ്ങൾ അവരുടെ മന

* കോതമംഗലത്തു പള്ളിയിൽവച്ചു ചെയ്ത പ്രസംഗത്തിൽ നിന്നുള്ളതാകുന്നു.

സ്സിനെ ദൈവത്തിങ്കൽ സമർപ്പിക്കുന്നപക്ഷം പരിശുദ്ധ റൂഹാ അവരെയും പററിക്കുമെന്നാണു നമ്മുടെ ബോദ്ധ്യം. സത്യം ഒന്നല്ലാതെ പലതുണ്ടാകാൻ പാടില്ലല്ലൊ.

യാക്കോബായ സഭാംഗങ്ങളിൽനിന്നു ബഥനിക്കായി നാം കുറേ ഏറെ പണം പിരിച്ചുണ്ടാക്കി എന്നുള്ളതു വാസ്തവം തന്നെ. യാക്കോബായ സഭയുടെ ഉള്ളിൽ കയറി 50 സംവത്സരക്കാലത്തിലധികം മുന്നിട്ടു പ്രവർത്തിച്ചതുനിമിത്തം യാക്കോബായ പാത്രിയക്കീസുമായുള്ള ബന്ധത്തിന്മേൽ എന്തെങ്കിലും സ്ഥാപിക്കുന്നതു തലമുറ തലമുറയായ വ്യവഹാരങ്ങൾക്കു കാരണമായി തീർന്നേക്കാമെന്ന ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടു ബഥനിയെ നാം കേവലം സ്വതന്ത്രമെന്നുള്ള നിലയിൽതന്നെ സ്ഥാപിച്ചു. യാക്കോബായ പാത്രിയക്കീസിനെ സ്വീകരിക്കാതെ, യാക്കോബായ സഭയിലുള്ള ആരാധനക്രമങ്ങൾ ഉപയോഗിച്ചതുകൊണ്ടു ഒരാൾ യാക്കോബായക്കാരനാകുമെങ്കിൽ ആ വിധത്തിൽ നാം ഒരു യാക്കോബായക്കാരനായിരുന്നു. നേരെമറിച്ചു യാക്കോബായ പാത്രിയക്കീസിനെ സ്വീകരിക്കാത്തവൻ യാക്കോബായക്കാരനാകാൻ ഇടയില്ലാത്തപക്ഷം നാം യാക്കോബായക്കാരനായിരുന്നുമില്ല. ബഥനി സ്ഥാപിച്ച കാലത്തു കത്തോലിക്കാ തിരുസഭയിൽ ചേരണമെന്നു നാം സ്വപ്നത്തിൽപോലും നിരൂപിച്ചിരുന്നതല്ല. യാക്കോബായ സഭാംഗങ്ങളെയും ഇതരന്മാരെയും ആത്മീയമായ വിധത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ഒരു ഉപകരണം എന്നുള്ള നിലയിൽ നാം ബഥനിയെ സ്ഥാപിച്ചു. ആദ്യം ആശ്രമംവച്ചു; അനന്തരം മഠം ഉണ്ടാക്കി; പിന്നീടു പള്ളികളും സ്ഥാപിച്ചു. ഇവമേൽ യാക്കോബായ പാത്രിയക്കീസിനാകട്ടെ ആ പാത്രിയക്കീസിന്റെ ഭരണാധികാരത്തെ സമ്മതിക്കുന്നവർ ഏതെങ്കിലും മേല്പട്ടക്കാർക്കാവട്ടെ യാതൊരു അധികാരവും കർത്തൃത്വമുണ്ടായിരുന്നില്ലതാനും.

ബഥനിക്കായി നാനാജാതി മതസ്ഥരും സംഭാവനകൾ നല്കിയിട്ടുണ്ടു്. എത്രയോ പ്രയോജനകരമായ ഒരു സ്ഥാപനമാണു് അതു് എന്നു വിചാരിച്ചു് കത്തോലിക്കരും നമ്മെ സഹായി

ക്കാതിരുന്നിട്ടില്ല. മാത്രമല്ല, ഹിന്തുക്കളും മഹമ്മദീയരും മറ്റും നമുക്കു സംഭാവനകളും നല്കിയിട്ടുണ്ട്. നമ്മുടെ പരിചിതന്മാരും, സ്നേഹിതന്മാരും ചാച്ചിക്കാരും യാക്കോബായക്കാരായിരുന്നതിനാൽ അവരിൽനിന്നാണ് ഗണ്യമായ ഒരു സംഖ്യ ലഭിച്ചിട്ടുള്ളതെന്ന് കൃതജ്ഞതാപൂർവ്വം നാം പ്രസ്താവിച്ചുകൊള്ളുന്നു. പണപ്പിരിവുകാലത്ത് നാം ഒരു സ്ഥലത്തു ചെന്നിരുന്നാപ്പോൾ എതിരായും ലുബ്ധനായ ഒരു യാക്കോബായക്കാരൻ ഏതാനും പവൻതന്നെ നമുക്കു സംഭാവന നല്കുകയുണ്ടായി. മറെറാരിടത്തു ചെന്നപ്പോൾ ബഥനി ഒരുകാലത്തും യാക്കോബായ പാത്രിയക്കീസിനു അധീനമാവുകയില്ലെന്നു ഉറപ്പുപറയുന്നപക്ഷം ഇതാ അഞ്ഞൂറുരൂപാ എന്നുപറഞ്ഞ് ആ സംഖ്യ നമ്മെ ഏല്പിച്ചു. കാതോലിക്കാ തിരുസഭയിലേക്ക് ചേരുന്നതിനുമുമ്പായി ബഥനിയെ സംബന്ധിച്ചിടത്തോളം നാം ചെയ്യേണ്ടതെല്ലാം ചെയ്തു എന്നതെ നമ്മുടെ ബോദ്ധ്യം.

ബഥനി ഒരുവിധത്തിലും ഏതെങ്കിലും ഒരു സഭയുടെതായി ഇരിക്കണമെന്നു നമുക്കു ആരംഭത്തിങ്കൽപോലും ഉദ്ദേശമുണ്ടായിരുന്നില്ല. അതിനാൽ ബഥനിക്കായി മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ള എല്ലാവരേയും ക്ഷണിച്ചുവരുത്തിക്കൊണ്ടു നാം വടശ്ശേരിക്കരെവച്ചു് ഒരു യോഗം കൂടി. ആ യോഗത്തിന്റെ ഏകകണ്ഠമായ അഭിപ്രായാനുസാരം ബഥനി സ്വത്തുക്കളും മൂന്നു ട്രസ്റ്റികളുടെ പേരിൽ ഉറപ്പിക്കുകയും ചെയ്തു. അന്നത്തെ ആ യോഗനിശ്ചയത്തിൽ ബഥനിയുടെ സ്വത്തുക്കളിന്മേൽ യാക്കോബായ പാത്രിയക്കീസിനോ മാപ്പിപ്പാ തിരുമേനിക്കോ അവകാശമോ അധികാരമോ ഇല്ലെന്നു രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട്. അതേവരെയുള്ള കണക്കുകളും അവിടെവച്ചു പരിശോധിച്ചു പാസാക്കി. ബഥനിവക പള്ളികളും വയ്ക്കുവാനായി പലരും നമുക്കു സ്ഥലങ്ങളും ദാനം ചെയ്തിരുന്നു. അവ അവരവർക്കുതന്നെ നാം തിരികെ കൊടുത്തു. ആശ്രമത്തിനായി ജോൺവക്കീൽ സംഭാവനചെയ്ത നൂറേക്കർ സ്ഥലത്തിന്റെ ആധാരവും തിരികെ ഏറ്റുപ്പിക്കയാണുണ്ടായിട്ടുള്ളതു്. പെരുനാട്ടിൽ

ബഥനി ആശ്രമം ഇരിക്കുന്ന മുന്നൂറു ഏക്കർ സ്ഥലം നമ്മുടെ വീട്ടിൽനിന്നും ലഭിച്ച പണംകൊണ്ടു വാങ്ങിച്ചതായിരുന്നു. നമ്മുടെ സ്വന്തമായി വേറെയും പണം ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു. മൻവ്യവസ്ഥകൾക്കു വ്യത്യാസംകൂടാതെ മറു സ്വത്തുക്കളോടുകൂടി അതും ട്രസ്റ്റികൾക്കുതന്നെ ഏല്പിച്ചുകൊടുത്തു. ബഥനിയുടെ ആദ്യം എന്തോ അതിനെ ആ ട്രസ്റ്റികൾ സാധിക്കുമാറു ഉത്സാഹിക്കാതിരിക്കയില്ല. നാം ഈ പറഞ്ഞതിൽനിന്നു യാക്കോബായ സഭയുടെതായ യാതൊന്നും കത്തോലിക്കാ സഭയിലേക്കു കൊണ്ടുവന്നിട്ടില്ലെന്നും കൊണ്ടുവരുവാൻ തക്കവണ്ണം യാക്കോബായ സഭയുടെതായി നമ്മുടെ കൈവശത്തിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ലെന്നും വ്യക്തമാകുന്നുണ്ടല്ലൊ.

നാം കുഞ്ഞാലിക്കാ തിരുസഭയുമായി പുനരൈക്യപ്പെട്ടതു ക്രൻസ്മ-ാമാണ്ടു സെപ്റ്റംബർ മ-ംന്നു-യായിരുന്നു. പുനരൈക്യം പ്രാപിച്ചതിൻെറശേഷം കുറെ ആഴ്ചവട്ടത്തേക്കു യാതൊന്നും ചെയ്യാതെ കേവലം ആദ്ധ്യാത്മിക വിഷയങ്ങളിൽ നാം ദിവസങ്ങൾ കഴിക്കുകയാണുണ്ടായതു. നമ്മുടെ പുതിയ പ്രസ്ഥാനത്തിൽ ദൈവത്തിൻെറ കൃപയും അനുഗ്രഹവും അപേക്ഷിതമാകയാൽ അതിനായി നാം പ്രാർത്ഥിച്ചും പോന്നിരുന്നു. കഴിഞ്ഞ ഡിസംബർമാസം മുതലാണു പ്രവൃത്തിപദ്ധതിയിൻ നാം കാലുവെയ്ക്കുകയുണ്ടായതെന്നു പറയാം. ഇതിൽനിന്നു നമ്മുടെ പ്രസ്ഥാനത്തിനു നാലു മാസത്തെ പ്രായമേ ഉള്ളു എന്നും ശിശുവിനെപ്പോലെ ഇപ്പഴും അതിനു പരിരക്ഷണവും പരിപോഷണവും ആവശ്യമാണെന്നും പറയേണ്ടതില്ലല്ലൊ. തിരുസഭ ദൈവത്തിൻെറതാകയാൽ അതിൻെറ അഭിവൃദ്ധിയെപ്പറ്റിയും പോഷണത്തെക്കുറിച്ചും നാം ആകുലചിത്തനായിരിക്കുന്നില്ല. ദൈവത്തിൻെറ നിർദ്ദേശാനുസാരവും പൂർവ്വപിതാക്കന്മാരായ പലരുടെയും ആഗ്രഹാനുസാരവും നാം ചെയ്യേണ്ടുന്ന കർത്തവ്യം ഏതോ അതു നാം ചെയ്തിട്ടുണ്ടെന്നു നമുക്കു ബോദ്ധ്യവും കൃതാർത്ഥതയുമുണ്ടു. ദൈവംതന്നെ അവിടുത്തെ മക്കളെ വഴിനടത്തിക്കൊള്ളുമല്ലൊ. ഇക്കഴിഞ്ഞ നാലുമാസത്തിനുള്ളി

ൽ ആയിരം യാക്കോബായക്കാരോളം പല സ്ഥലങ്ങളിലായി തിരുസഭാമാതാവിന്റെ ആശ്ലേഷത്തിനു പാത്രീഭൂതരായിത്തീർന്നിട്ടുണ്ട്. പല പട്ടക്കാരും പഠിപ്പിൽപ്പരം ചാപ്പലുകളും ഉണ്ടായിക്കഴിഞ്ഞുമിരിക്കുന്നു. ഇവയ്ക്കെല്ലാം പണം എവിടെ നിന്നുണ്ടായി എന്നു നിങ്ങളിൽ ഓരോരുത്തരും ആശ്ചര്യപ്പെടുന്നുണ്ടായിരിക്കാം. ഇവയ്ക്കുള്ള പണം ദൈവത്തെ സ്നേഹിക്കുന്നവരും അവിടുത്തെ സാമ്രാജ്യം ഭൂമിയിൽ പ്രതിഷ്ഠിതമാകണമെന്നു ആഗ്രഹിക്കുന്നവരുമായ ദൈവ മക്കളാൽ പ്രദാനം ചെയ്യപ്പെട്ട എന്നുമാത്രം നിങ്ങൾ മനസ്സിലാക്കിയാൽ മതിയാകും. നസ്രാണി സമുദായത്തിന്റെ പുനഃസ്സംഘടനയ്ക്കും ഈ നാട്ടിൽ ക്രിസ്തീയ സഭയുടെ പുനരൈക്യത്തിനുമായി ദൈവത്താൽ തുറക്കപ്പെട്ടിട്ടുള്ള ഈ വഴി സുഗമമാക്കുന്നതിലുള്ള പ്രയോജനാതിരേകത്തെയും കടമയേയുംപറ്റി ബോദ്ധ്യമുള്ളവർ പലരും വിശിഷ്യാ കത്തോലിക്കരായ പള്ളിക്കാരും ജനങ്ങളും സപ്രമനസ്സാലെ നമുക്കു സഹായങ്ങൾ നല്കിയിട്ടുണ്ട്.

ആദ്യമായി ബ. നമ്മുടെ വികാരിയച്ചൻ നിങ്ങളോട് ചെയ്ത പ്രസംഗത്തിൽ നമ്മെ സംബന്ധിച്ചിടത്തോളം അരിശയോകതിപരമായിട്ടെന്നവണ്ണം ഒരു കാര്യം പറഞ്ഞതായി നാം ഓർക്കുന്നു. അതു ക്രനൻ കുരിശിന്മേൽ കെട്ടപ്പെട്ടതായ ആ പഴയ കയറിനെ നാമാണു പൊട്ടിച്ചതു് എന്നത്രെ. ആ ഒരു സ്തുത്യർഹമായ പ്രവൃത്തി നാമല്ല ചെയ്തതുണ്ടായിട്ടുള്ളതു. ഇവിടെ സന്നിഹിതരായിട്ടുള്ള കത്തോലിക്കർ ഏവരുടെയും ഹൃദയപൂർവ്വമായ കണ്ണുനീർ എത്രയോ സംവത്സരങ്ങളായി ഇറ്റിറ്റുവീണു കൊണ്ടിരിക്കുകയാൽമാത്രം ആ പഴയ കയർ ദ്രവിച്ചു പൊട്ടിപ്പോകാൻ ഇടയായിത്തീർന്നു. ഈ കാര്യത്തിൽ നാമായിരുന്നില്ല പ്രവർത്തകർ. പരോക്ഷമായി മാർത്തോമ്മാശ്ലീഹാ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടു നമ്മിൽ ചെയ്ത ഒരു അത്ഭുത കർമ്മമെന്നോ ഇതിനെപ്പറ്റി കരുതേണ്ടതുള്ളൂ.

പെരുമ്പാവൂർ യാക്കോബായപ്പള്ളിയുടെ വികാരിയായ ദിവ്യശ്രീ തോമ്മാ വറുഗീസു കത്തനാർ ലൗകികമായ പ്രലോഭന

ത്തിനു അധീനനായി മാത്രമാണു ഇപ്പോൾ തിരുസഭയിൽ ചേർന്നതെന്നു ചിലർ ആക്ഷേപിക്കുന്നുണ്ടത്രെ. ഈദൃശമായ ആക്ഷേപവും അവഹേളനവും ദൈവികമായ പുനരൈക്യ പ്രസ്ഥാനത്തിനു കിട്ടേണ്ടുന്നതായ വിവിധ തരത്തിലുള്ള വളങ്ങളാണെന്നു നാം സമാശ്വസിക്കുന്നു.

കത്തോലിക്കാ ജനങ്ങളോടായി നമുക്കു ഒരു പ്രത്യേക കാര്യം പറയാനുണ്ടു. തിരുസഭയുടെ അംഗങ്ങളാണല്ലൊ ഞങ്ങൾ എന്നുള്ള അഭിമാനത്തിൽ നിങ്ങൾ ഒരിക്കലും കൃതാർത്ഥത അടയുമാറാകരുതു. തിരുസഭയുടെ അംഗങ്ങളായ നിങ്ങൾ കേരളത്തിലുള്ള അകത്തോലിക്കർ ഏവർക്കും മാർഗ്ഗദർശികളായിരിപ്പാൻ തക്കവണ്ണം നിങ്ങളുടെ ജീവിതത്തെ പരിശുദ്ധമാക്കേണ്ടതുണ്ടു് നിങ്ങളുടെ ജീവിതത്താൽ തിരുസഭ ഒരുനാളും അധിക്ഷേപിക്കപ്പെടാൻ സംഗതി വരരുതു.

അകത്തോലിക്കന്റെ അഭിനന്ദനം.

അടുത്തകാലത്തു് അമേരിക്കയിൽ സമ്മേളിച്ച കത്തോലിക്കരുടെ ഒരു മഹാ യോഗത്തിൽ ജെയിംസ്സ് ഡേവിസ്സ് എന്ന പ്രസിദ്ധ പ്രോട്ടസ്റ്റാന്റുകാരൻചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗമാണു താഴെ ചേർത്തിരിക്കുന്നതു്.

"കത്തോലിക്കരായ നിങ്ങളുടെ മദ്ധ്യേ പ്രസംഗിക്കുന്ന ഈ സന്ദർഭത്തിൽ ഒരു സംഗതി പ്രത്യേകം ഇവിടെ എടുത്തു പറയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അതു മറ്റൊന്നുമല്ല. അമേരിക്കയിൽ മതസ്വാതന്ത്ര്യതത്വത്തിനു സമ്മതി സിദ്ധിക്കുന്നതിലേക്കു കാരണഭൂതന്മാരായിത്തീർന്നിട്ടുള്ളതു് റോജർവില്യംസും മേരീലാൻഡിൽ ആദ്യമായി കുടിയേറിപ്പാർത്ത കത്തോലിക്കരുമാകുന്നു. കത്തോലിക്കർ തങ്ങളുടെ പ്രദേശത്തുള്ള എല്ലാവരോടേയും വിശ്വാസസംബന്ധമായ സ്വാതന്ത്ര്യത്തെ ആദരിച്ചു. തങ്ങൾക്കുള്ളതുപോലെയുള്ള മതസ്വാതന്ത്ര്യംതന്നെ സകല

പ്പോട്ടസ്റ്റാൻറു വകഭേദക്കാർക്കും അവർ അനുവദിച്ചുകൊടുത്തു. കത്തോലിക്കരുടെ ഈ പ്രവർത്തി അമേരിക്കയിലെ മതസഹിഷ്ണുതക്ക് ഒരു മഹനീയ സ്തംഭമായി പരിഗണിക്കുന്നുണ്ടെന്ന് ചരിത്രജ്ഞന്മാരൊക്കെയും സമ്മതിക്കുന്നതാണ്. ഒരു മാർബ്ലം സ്മാരകത്തേക്കാൾ എത്രയോ അധികം സ്ഥായിയും അതിനുണ്ട്.

കത്തോലിക്കാസഭക്ക് അമേരിക്കയിൽ സിദ്ധിച്ചിട്ടുള്ള അഭിവൃദ്ധിയെക്കുറിച്ച് അഭിമാനിക്കുന്നതിനു നിങ്ങൾക്കവകാശമുണ്ട്. അതിന്റെ പ്രാരംഭഘട്ടം അത്രേഷ്ടം ഗണനീയമായിരുന്നില്ല. എങ്കിലും, ആ നിലയിൽ നിന്നുള്ള അതിന്റെ പുരോഗമനം അതിശീഘ്രവും അപ്രതിഹതവുമായിരുന്നു. ൨൦൦ ലക്ഷത്തോളം വരുന്ന ഒരു വമ്പിച്ച ജനനിവഹമാണ് അമേരിക്കയിൽ ഇന്നുള്ള കത്തോലിക്കാസമുദായം. ഈ രാജ്യത്തുള്ള പൌര സഞ്ചയത്തിലെ പ്രധാനന്മാർ പലരും കത്തോലിക്കരാകുന്നു. അവർ ഇവിടത്തെ സർവ്വകലാശാലാബിരുദകർമം സമ്പാദിച്ചിട്ടുള്ളവരാണ്; അവരെ പത്രാധിപസ്ഥാനങ്ങളിൽ കാണാം, കലാശാസ്ത്രാദികളിൽ അവർ നേതൃത്വം വഹിക്കുന്നു, സാഹിത്യത്തിൽ പ്രഖ്യാതി പ്രാപിച്ചിട്ടുള്ളവരും നിങ്ങളിൽ പലരുണ്ട്, ഉദ്യോഗങ്ങളിലും തൊഴിലുകളിലും നിങ്ങൾ ഒട്ടും താഴ്ന്ന പടിയിലല്ലതന്നെ. നമ്മുടെ നിയമനിർമ്മാണശാലകളിലും നീതിന്യായമണ്ഡപങ്ങളിലും കത്തോലിക്കർ ഉൾപ്പെട്ടിട്ടുണ്ട്. അമേരിക്കൻ സുപ്രീംകോട്ടിലെ പ്രധാന ന്യായാസനംപോലും രണ്ടുപ്രാവശ്യം കത്തോലിക്കർ സവിശേഷം അലങ്കരിച്ചിട്ടുള്ളതാണ്. നമ്മുടെ രാജ്യം ഭാഗഭാക്കാകേണ്ടി വന്നിട്ടുള്ള സകല യുദ്ധങ്ങളിലും അമേരിക്കയിലെ കത്തോലിക്കർ സ്വദേശത്തിനുവേണ്ടി രക്തം ചൊരിഞ്ഞിട്ടുണ്ട്. മാത്രമല്ല, ഉൾഘടതരങ്ങളായ രണാങ്കണങ്ങളിൽ അമേരിക്കൻ സൈന്യങ്ങളുടെ നേതൃത്വം വഹിച്ചിട്ടുള്ളതും പലപ്പോഴും കത്തോലിക്കാ സേനാനികളാകുന്നു. നിങ്ങളുടെ സ്വരാജ്യസ്നേഹത്തെ സംബന്ധിച്ച് ആർക്കും സംശയത്തിനിടയില്ല. കത്തോലിക്കരെ അമേരിക്കയിൽ വല്ലവരും ദ്വേഷിക്കുന്നുണ്ടെങ്കിൽ, അത് വിദ്വേഷത്തെ പ്രത്യേക വ്യവസായമായി സ്വീകരിച്ചി

ട്ടുള്ള കുറച്ചുപേർ മാത്രമായിരിക്കും. ഏതു നാട്ടിലും ഉള്ളതുപോലെ ഇവിടേയും അത്തരക്കാർ കുറെ ഇല്ലാതില്ല ജീവിതത്തിൽ അസന്തുഷ്ടരായ ഇവർ നമ്മുടെ അമേരിക്കൻ സ്ഥാപനങ്ങളുടെ അധഃപതനമാണാഗ്രഹിക്കുന്നതു്. ഇവർ മതവിദ്വേഷികളും, നാസ്തികരും, മരണാനന്തരജീവിതത്തിൽ വിശ്വാസമില്ലാത്തവരുമാകുന്നു. ആദ്ധ്യാത്മികാദർശങ്ങളെ വിലവെക്കുന്ന ഒരുത്തനും കേവലം ലോകായതികന്മാരായ ഇക്കൂട്ടരുമായി യാതൊരു വേഴ്ചയും ഉണ്ടാകാൻ പാടുള്ളതല്ല. ഇവരുടെ വിപ്ലവ സംരംഭങ്ങൾക്കെതിരായി ഒരു വജ്ര ഭിത്തിപോലെയാണു കത്തോലിക്കാസഭ നിലകൊണ്ടിട്ടുള്ളതു്. തൊഴിലാളി ലോകത്തിന്റെ ഉദ്ധാരണത്തെ ഉദ്ദേശിച്ചാണു് തങ്ങൾ ഈ പ്രസ്ഥാനത്തിൽ ഏർപ്പെട്ടിരിക്കുന്നതെന്നു അവർ മുക്തകണ്ഠം പ്രസംഗിക്കാറുണ്ടെങ്കിലും, അവരുടെ യഥാർത്ഥോദ്ദേശ്യം ചില ഉയർന്ന ഉദ്യോഗസ്ഥാനങ്ങൾ കൈവശപ്പെടുത്തണമെന്നുള്ളതല്ലാതെ മറെറാന്നുമല്ല. മതവിശ്വാസമുള്ള യാതൊരു മനുഷ്യനും ഈ ദുഷ്പ്രവൃത്തികളുമായി ആശയസമ്പർക്കം പാടില്ലാത്തതാകുന്നു.

ഫാദർ വിൻസന്റ് സി. ഡി.

മേമാസത്തിലെ പൊതുനിയോഗം.

കടൽ സഞ്ചാരികളുടെയിടയിലുള്ള പ്രേഷിതവൃത്തി.

ഭൂമിയുടെ ഭൂരിഭാഗവും ജലത്താൽ മൂടിക്കിടക്കുന്നതുകൊണ്ടും കച്ചവടവും മറ്റും വർദ്ധിച്ചുവരുന്നതിനാലും ഇക്കാലത്തു കപ്പൽയാത്ര പലർക്കും അത്യാവശ്യമായിത്തീർന്നിട്ടുണ്ടു. യാത്രക്കാർക്കു പുറമെ കപ്പലിൽ സ്ഥിരജോലിക്കാരായി അനേകം ഉദ്യോഗസ്ഥന്മാരുമുണ്ടായിരിക്കും. ഇവരിൽ ഒരു ഭാഗം കത്തോലിക്കരായിരിക്കുമെന്നു സ്പഷ്ടമാണല്ലൊ. ഇവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനു സ്ഥിരം കപ്പേലാന്മാരെ ചുരുക്കം

ചില കപ്പലുകളിൽ നിശ്ചയിച്ചിട്ടുണ്ട്. മറുള്ളവയിലെ ജോലിക്കാർക്കുംമറ്റും ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനു യാത്രക്കാരിൽ വല്ല വൈദികനുമുണ്ടെങ്കിൽ ഒരുപക്ഷേ സാധിച്ചേക്കാം. വൈദികരുണ്ടായാലും സ്ഥലസൗകര്യമില്ലാത്തതുകൊണ്ടും അധികാരികളുടെ കാരുണ്യക്കുറവു നിമിത്തവും ദിവ്യപൂജ അർപ്പിക്കുവാൻ സാധിക്കാതെ വന്നേയ്ക്കും. ഫ്രഞ്ചു, ജർമ്മൻ കപ്പലുകളിൽ കത്തോലിക്കർക്കു കുമ്പാനകാണുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ലഭിക്കുന്നതുപോലെ ബ്രിട്ടീഷ് കപ്പലുകളിൽ കിട്ടാത്തതുകൊണ്ടു ഇംഗ്ലീഷ് കത്തോലിക്കർ ഈയിടെ ഒരു പ്രതിഷേധയോഗംക്കൂടി ചില നിശ്ചയങ്ങൾ പാസ്സാക്കി നാവിക വകുപ്പുകാർക്ക് അയയ്ക്കുകയുണ്ടായി. അവയിൽ ഒന്നു തങ്ങളുടെ മതാനുഷ്ഠാനത്തിനു വേണ്ട സൌകര്യം ലഭിക്കാത്തപക്ഷം തങ്ങളോടു ക്രൂരത്വം അനുകൂല്യം പ്രദർശിപ്പിക്കുന്ന ഇതര രാജ്യക്കാരുടെ കപ്പലുകളിൽ കത്തോലിക്കർ യാത്രചെയ്യണമെന്നാണ്. ഇനി അകത്തോലിക്കരെക്കുറിച്ചു പറകയാണെങ്കിൽ ദൈവത്തെ പറ്റി അറിയാത്തവരും അറിയുവാൻ നിവൃത്തിയില്ലാത്തവരുമായി ഒട്ടധികംപേരെ നാം ഈ ക്രൂരത്തിൽ കണ്ടുമുട്ടുന്നതാണു. ഇവരുടെയും ആത്മകാര്യം സാധിക്കേണ്ടതായിട്ടാണു ഇരിക്കുന്നതു. ഇതിനുവേണ്ട സൌകര്യങ്ങളെല്ലാം ലഭിക്കുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാകുന്നു.

*ഒരു സാധനപാഠം.

സീമാവിഹീനം വിനയാർദ്രഭാവ-
സ്തോമം ലസിയ്ക്കുന്നൊരു കന്മധാമം
പ്രേമം ഭരിയ്ക്കുന്ന വിശിഷ്ടഭക്തിൽ
ക്ഷേമപ്രഭാവം വെളിവാക്കിടുന്നു. (൧)

* ഒരു പഴയ കയ്യെഴുത്തു ഗ്രന്ഥത്തിൽനിന്നു്.

പാടത്തു - വാൽപ്പായസമെന്റെ നേത്ര-
പുടങ്ങളിൽക്കോരിയൊഴിച്ചു കാഴ്ച
പെട്ടെന്നു ഞാൻ ചൊല്ലിയ പദ്യമാദ്യം
കുറിച്ചു; ചിന്തിച്ചതിനിക്കുറിയ്ക്കാം. (൧)

മാണിക്യമാല്യത്തിനെഴും പ്രഭാവം
നാണിച്ചൊളിയ്ക്കുന്ന വിധം വിളങ്ങി
ത്രാണിപ്പെട്ടം താഴ്മയുടാഹരിക്കും
മേനിപ്പെട്ടം നെല്ലുതിരേ! തൊഴുന്നോൻ. (൨)

ആഹാരമായ് നിന്നെ നിനപ്പൊരീ ഞാൻ
ഹാഹന്ത! നിൻ മേന്മയുമുറ്റുനോക്കി
ഞാനാദ്യമിങ്ങൊട്ടു പൊഴിച്ച വേപ്പിൻ
ബിന്ദുക്കളം നീയെന്നു മറിഞ്ഞിടുന്നു. (൩)

അധ്വാനസാഹിത്യമതിന്റെ നേട്ട-
മിത്തോതിലുണ്ടാം മണിമാല്യമെന്നും
വൃത്താന്തമോതട്ടെ മടിച്ചിരിക്കും
മൽസ്നേഹിതന്മാർ നയനം തുറക്കാൻ. (൪)

പൂക്കുറ്റി കത്തിച്ചതുപോലെ നില്ക്കും
പൊള്ളക്കതിർക്കുട്ട മിടയ്ക്കിടയ്ക്കായ്
ഡംഭാന്ന വൻപാമര പാളിയെപ്പോൽ
മേവുന്നതും സാധനപാഠമല്ലൊ. (൫)

പാടത്തുചുറ്റും വിനയാർദ്രരായി
ശീഷ്യം കുനിച്ചീ പുലർകാലമെല്ലാം
പത്രങ്ങളാൽ മർമ്മരഗീതമോതും
വൃക്ഷങ്ങളും താത്ത്വിക ടീച്ചറന്മാർ. (൬)

വിവേകമുള്ളോർക്ക് വിനീതിയാകും
വിത്തം കരസ്ഥം വിധി വൈഭവത്താൽ
അകത്തു കാമ്പേതു മെഴാത്ത മൂഢർക്ക-
ഹംകാര മാത്ര സ്ഥിതിതന്നെ കഷ്ടം! (വ)

സർവ്വജ്ഞനായ സകലേശ്വരനിത്തരത്തിൽ
സർവ്വത്തിലും നരനിരയ്ക്കുപദേശമേകാൻ
തത്വങ്ങളായ പലതും വിരചിച്ചിതാനി-
ഗ്ഗർവ്വപ്രഭാവ വിഭവോജ്ജ്വലനായ് ലസിപ്പൂ. (ൻ)

(ആൻറണി തൊകലത്ത്.)

മസൂരി. (തുടർച്ച)

(പി. പി. ആൻറണി എൽ. എം. ആൻഡ് എസ്സ്.)

പരുക്കളുടെ ആകൃതി, നിറം, അവയുടെ ഗണം, സമ്മേളനം മുതലായവയെ അടിസ്ഥാനപ്പെടുത്തി മസൂരിരോഗത്തെ പലവിധത്തിൽ തരംതിരിച്ചിട്ടുണ്ട്. അസ്ഥിയിൽനിന്നു പുറപ്പെട്ടുന്നവ, മാംസത്തിൽനിന്നു പുറപ്പെട്ടുന്നവ എന്നിങ്ങനെയുള്ള തരംതിരിവു അടിസ്ഥാനരഹിതങ്ങളാണു. സാമാന്യമായ ചികിത്സയെയും നിരോധന മാർഗ്ഗങ്ങളേയും സംബന്ധിച്ചേടത്തോളം ഈ തരം തിരിവുകൊണ്ടാനും വലിയ പ്രയോജനമില്ല.

മസൂരി കുത്തിവെയ്പുകൊണ്ടോ അല്ലെങ്കിൽ സ്വാഭാവികമായോ ഏറക്കുറെ അജയ്യത (Immunity) ഉള്ളവർക്കു "ചെറുമസൂരിയെന്നു പേരായ ഒരുതരം മസൂരിയുണ്ടാകാറുണ്ടു. ലഘുവായ മുമ്പനി കഴിഞ്ഞാൽ ഏതാനും പരുക്കൾ ഉണ്ടായി അവ ഒരാഴ്ചകൊണ്ടു ഭേദപ്പെട്ടും. രണ്ടാം പനി ഉണ്ടാകയില്ല. ഇതു മസൂരിയല്ലെന്നു തെറ്റിദ്ധരിച്ചുപോകരുതു്. കുത്തിവെയ്പുകൊ

ണ്ടു സുരക്ഷിതമാകാത്ത ശരീരമുള്ളവർക്കു ഇതു പകർന്നാൽ കഠിന രോഗമായി പരിണമിക്കാം.

തീവ്രമായ സാംക്രമിക ജ്വരങ്ങൾക്കൊന്നിനും കൈകണ്ട സിദ്ധൗഷധമില്ല. സന്ദർഭോചിതവും ലക്ഷണാനുസാരിയും ആയ ചൈകിത്സകൾ വൈദ്യന്മാർ അപ്പപ്പോൾ നിശ്ചയിക്കണം. കണ്ണ്, കാത്, സന്ധ്യകൾ മുതലായ അംഗങ്ങളെ മിശ്രരോഗങ്ങളും ഉപദ്രവരോഗങ്ങളും ബാധിക്കാതെ കാക്കുവാൻ കഴിയുന്നതു ശ്രമങ്ങൾ ചെയ്യണം. 'ഫോറിഡയാലിനം' 'വാക്സിനിനം' (ഹോമ്യ) സൈകലോപ്പം മുതലായ മരുന്നുകളും ഉഗ്രതരശ്മി പ്രയോഗവും മസൂരി ചികിത്സയിൽ ഉപയോഗപ്പെട്ടുത്താറുണ്ടു. പക്ഷെ സന്നിപാതജ്വരം മുതലായ രോഗങ്ങൾക്കെന്നപോലെ മസൂരിക്കും ശ്രദ്ധാപൂർവ്വകമായ പരിചരണമാണു സർവ്വപ്രധാനമായിരിക്കുന്നതു. ഇത്തരം രോഗങ്ങൾ ബാധിച്ചിട്ടു ഔഷധങ്ങളുടെ പോരായ്മകൊണ്ടു മരിക്കുന്നവരെക്കാൾ അധികം പേർ ശരിയായ പരിചരണം ഇല്ലാത്തതുകൊണ്ടാണു മൃതിയടയുന്നതു. രോഗികളെ നിർദ്ദയരും മദ്യപരുമായ ഉപചാരകന്മാരെ ഏല്പിച്ചുവിടുന്നതു വലിയ കഷ്ടമാകുന്നു. ഇവർ രോഗികൾക്കും അരോഗമായവർക്കും അപകടക്കാരാണ്. രോഗികളെ ഉപചരിക്കുന്ന കാര്യത്തിൽ അറിഞ്ഞിരിക്കേണ്ട ചില സംഗതികളെ താഴെ കുറിക്കുന്നു.

൧. രോഗികളെ ധാരാളം ശുദ്ധവായു സഞ്ചരിക്കുന്നേ മുറിയിലെ കിടത്താവൂ. രോഗിയെ മുറിയിൽ പ്രവേശിപ്പിക്കുന്നതിനു മുമ്പു അതിനകത്തുനിന്നു അത്യാവശ്യമുള്ള സാമാനങ്ങളൊഴിച്ചു മറ്റുള്ളവയെല്ലാം മാറ്റണം. ജനാലകളിൽ ചെമന്നതുണി വായു സഞ്ചാരത്തിനു തടസ്ഥം വരാത്തവിധത്തിൽ കെട്ടിത്തൂക്കാൻ ചിലർ ഉപദേശിക്കുന്നു.

൨. തലമുടിയും രോമങ്ങളും കഴിയുന്നതു വെട്ടിക്കളയണം.

൩. ദിവസേന ചെറുചൂടുള്ള വെള്ളത്തിൽ മുക്കിയ തുണികൊണ്ടു ദേഹം ഒപ്പി ശുചിയാക്കണം. പൊട്ടാസംപെർമാഗിനേറ്റ് കലക്കിയ (ഒരു ഔൺസ് വെള്ളത്തിൽ ൨൦ ഗ്രെയിൻ മുതൽ ൪൫ ഗ്രെയിൻ വരെ) ശുദ്ധജലം ദേഹത്തിൽ പുരട്ടുന്ന

തു നല്ലതാണ്.

൪. തണുത്ത വെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണി കൺപോളയിൽ വെയ്ക്കുന്നതായാൽ വീക്കം കുറയും. തിളപ്പിച്ചു ശുദ്ധിയാക്കിവെച്ചിട്ടുള്ള വെള്ളംകൊണ്ടു (ഇതിൽ അല്പം ബോറിക് ആസിഡ് ചേർക്കാം) കണ്ണിൽ ഇടയ്ക്കിടയ്ക്കു ധാരയൊഴിക്കണം.

൫. മത്സ്യമാംസാദികളായ പോഷകപദാർത്ഥങ്ങളും രോഗികളും ഭക്ഷിക്കരുത്. കഞ്ഞിയാണു ഉത്തമം. ബാർലിയും പാലും ഉപയോഗിക്കാം.

൬. പൊളകങ്ങളും ഉണങ്ങിത്തുടങ്ങിയാൽ വെളിച്ചെണ്ണ (അല്പം ബോറിക് ആസിഡോ, കാർബോലിക് ആസിഡോ ചേർക്കാം.) പുരട്ടി തോലും പൊറ്റകളും വരണ്ടുപോകാതെ സൂക്ഷിക്കണം. അന്യർക്കു രോഗം ബാധിക്കാതിരിക്കുന്നതിനും ഇതു പ്രയോജനീഭവിക്കുന്നു.

മസൂരിയെപ്പോലെ അത്രമേൽ പകർച്ചയേറിയതും ആപല്ക്കരമായതും, ജനങ്ങൾ ഭയപ്പെടുന്നതുമായ രോഗങ്ങളും മറ്റധികമില്ല. അതുകൊണ്ടു ഈ രോഗത്തെ നിരോധിക്കുന്നതിനു പറ്റിയ കാര്യങ്ങൾ ഒക്കെയും അതിശ്രദ്ധയോടുകൂടി ചെയ്യേണ്ടതു കർത്തവ്യമാണ്. ഒന്നാമതായി രോഗിയെ മറ്റുള്ളവരിൽ നിന്നു ഉടനെ വേർപെടുത്തണം. രോഗമുറിയിലേക്കു പ്രവേശിക്കുന്ന വാതിലിൽ കാർബോലിക വെള്ളത്തിൽ (വെള്ളം ൧൦൦ ആസിഡ് ൫) മുക്കിയ തുണി തൂക്കിയിടണം. മുറിയിൽനിന്നു പുറത്തുകൊണ്ടുവരുന്ന സാമാനങ്ങളും പാത്രങ്ങളും കാർബോലിക് വെള്ളത്തിൽ (൧൦൦-ന് ൫) മുക്കിയോ കഴുകിയോ കൃമിയില്ലാത്തവയാക്കണം. പാത്രങ്ങൾ തിളപ്പിക്കുന്നതാണു ഉത്തമം. രോഗികളെ ശുശ്രൂഷിക്കുന്നവർക്കും ഒരു മേൽമുണ്ടു വേണം. അതു അഴിച്ചുമാറ്റിയിട്ടേ അവർ പുറത്തു കടക്കാവു. കൃമിഹരങ്ങളായ മരുന്നുവെള്ളംകൊണ്ടു കൈകാലുകളും മുഖവും മറ്റും കഴുകി ശുദ്ധിയാക്കണം. രോഗി കിടന്ന മുറിയും നാറിന നാലുവീതമുള്ള കാർബോലിക് വെള്ളംകൊണ്ടു കഴുകി ശുദ്ധിവരുത്തണം.

ഒരു വീട്ടിൽ മസൂരി കടന്നുകൂടിയാൽ നാലുവഷ്ത്തിനിപ്പു റത്തു കുഞ്ഞിവാവു പഴുത്തിട്ടില്ലാത്തവരെല്ലാം ഉടനെ മസൂരി കുത്തിവെയ്പ്പിക്കണം. മസൂരി കുത്തിവയ്ക്കുന്നതു വളരെ പ്രയോജനകരമായ മാർഗ്ഗമാണെന്നുള്ളതിനും സംശയമില്ല. ഈ വിഷയത്തിൽ പരിചയം സിദ്ധിച്ചിട്ടുള്ള സ്വദേശ വൈദ്യന്മാരും ഭിന്നശാഖകളിൽപെട്ട വിദേശ വൈദ്യന്മാരും കുത്തിവയ്പ്പു പ്രയോജനകരമാണെന്നു സാമാന്യേന സമ്മതിക്കുന്നു. കുത്തിവയ്ക്കുന്നവരുടെ അശ്രദ്ധകൊണ്ടും കുത്തിവയ്ക്കപ്പെട്ടവരുടെ സൂക്ഷ്മക്കുറവുകൊണ്ടും കുത്തിവയ്ക്കുന്നതിനുപയോഗപ്പെടുത്തുന്ന ലിംഫിന്റെ അശ്രദ്ധികൊണ്ടും മാത്രം ചിലപ്പോൾ അധികമായ പഴുപ്പും മറ്റുപദ്രവങ്ങളും അപൂർവ്വമായി ഉണ്ടാകും. എന്നാൽ കുത്തിവെയ്ക്കാതിരുന്നാൽ ഉണ്ടായേക്കാവുന്ന ഭയങ്കര ഭവിഷ്യത്തിനെപ്പറ്റി ആലോചിക്കുമ്പോൾ കുത്തിവെയ്പ്പിക്കുവാൻ ആക്ഷേപമില്ലെന്നു മാത്രമല്ല, കുത്തിവെച്ചു ഉടനെ ചിലപ്പോൾ മസൂരി ഉണ്ടാകുന്നുണ്ടെങ്കിൽ അതിനു കാരണം രോഗാണുക്കൾ അവരുടെ ദേഹത്തിൽ മുമ്പുതന്നെ സ്ഥലം പിടിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ടാണെന്നുള്ളതിനു തെളിവുകൾ കണ്ടും. മസൂരി ഒരിക്കൽ ഉണ്ടായി "അജയ്യത" പ്രാപിച്ചിട്ടുള്ളവരെ ചിലപ്പോൾ മസൂരി വീണ്ടും ബാധിക്കുന്നതുപോലെതന്നെ കുത്തിവെച്ചിട്ടുള്ള ചിലർക്കു അപൂർവ്വമായി രോഗം ഉണ്ടാകുന്നുണ്ടെങ്കിൽ ആ ഒരു കാരണത്തെ ആസ്പദമാക്കി കുത്തിവെയ്പ്പ് ഉപയോഗശൂന്യമാണെന്നു വാദിക്കുന്നതു ശരിയല്ല. നമുക്കു മസൂരിയെ തടുക്കാൻ ഇതുപര്യന്തം സിദ്ധിച്ചിട്ടുള്ള ആയുധങ്ങളിൽവെച്ചു ഏറ്റവും ശക്തിയേറിയതു കുത്തിവെയ്പ്പാണു. ഈ വിഷയത്തിൽ ആവശ്യംവിട്ടു പ്രവൃത്തിച്ചാലെ കാലഗത്യാ തീവ്രമായി നമ്മുടെ ഇടയിൽ പരന്നുവരുന്ന മസൂരിരോഗത്തെ വേഗത്തിൽ നശിപ്പിക്കുവാൻ സാധിക്കയുള്ളൂ.

കുത്തിവെയ്പിനെപ്പോലെതന്നെ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട മറ്റൊരു നടപടിയാണു ശുചീകരണം. എല്ലാ പകർച്ചവ്യാധികളുടെയും സങ്കേതസ്ഥാനവും പ്രജനനവും വൃത്തി

ഹീനരായ സാധുക്കൾ തിങ്ങിപ്പാർക്കുന്ന നഗരവിഭാഗങ്ങളാ
ണെന്നുള്ളതു അനുഭവവേദ്യമാണല്ലൊ. അതിനാൽ ആളുകള
ുടെയും വീടുകളുടെയും നഗരവിഭാഗങ്ങളുടെയും ശുചിത്വത്തിൽ
എപ്പോഴുമുടെയും ശ്രദ്ധപതിക്കണം.

അനാവശ്യമായ ഭയവും ബഹളവും ദോഷത്തെ മാത്രമേ
ചെയ്യൂ. ഇങ്ങിനെയുള്ള അവസരങ്ങളിൽ ധൈര്യം കൈവെടിയ
രുതു. ഭയം ഓജസ്സിനെ ക്ഷയിപ്പിക്കും. ഓജസ്സ് ക്ഷയിച്ച ശരീ
രം രോഗാണുജീവികൾക്കു വിളനിലമാണു. ഇങ്ങിനെയുള്ള അ
വസരങ്ങളിൽ സാമാന്യമായ ആരോഗ്യനിയമങ്ങളിലും ഭിന്നച
ര്യയിലും നാം പ്രത്യേകം മനസ്സിരുത്തണം. ഇങ്ങിനെയെല്ലാം
ചെയ്കയും കുത്തിവെയ്പിക്കയും മറ്റും ചെയ്താൽ നമുക്കു പിന്നെ
ഭയപ്പെടേണ്ട ആവശ്യമില്ല. പൊതുജനസേവ ചെയ്യുന്ന മാന്യ
ന്മാർ ഈ വിഷയങ്ങളിൽ ഏർപ്പെട്ടുള്ള സംഭാഷണങ്ങളിൽ അവ
രെ പ്രോത്സാഹിപ്പിക്കുന്നതിനും അവരോടു സഹകരിക്കുന്നതി
നും പൊതുജനങ്ങൾ എപ്പോഴും തയ്യാറായിരിക്കണം.

അവസാനമായി ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. സാംക്രമി
ക രോഗങ്ങളുടെ ആക്രമണകാലങ്ങളിൽ ദാരിദ്ര്യത്തിലാണ്ടുകിട
ക്കുന്ന പാവങ്ങളുടെ കഥ പ്രത്യേകം സ്മരിക്കണം. അവരാണു
രോഗത്തിന്റെ ക്രൂരമായ മർദ്ദനം അധികമായി ഏല്ക്കുന്നവർ.
കൂടിക്കാനില്ലാതെയും ഉടുക്കാനില്ലാതെയും കുത്തിക്കാനില്ലാതെ
യും കഷ്ടപ്പെടുന്നവരെ ദാക്ഷിണ്യത്തോടെ സഹായിക്കുന്നതിനു
ഹൃദയമുള്ളവർ ഇറങ്ങി പുറപ്പെടണം.

* ശതാബ്ദ ജൂബിലി.

നമ്മുടെ സഭാസ്ഥാപനത്തിന്റെ ശതാബ്ദപൂർത്തി ആ
ഘോഷിക്കപ്പെടുന്ന ഈ ശുഭാവസരത്തിൽ സർവ്വജ്ഞാനങ്ങളുടെയും
അനുഗ്രഹങ്ങളുടെയും ദാതാവായ ദൈവത്തിന്റെനേരെ നന്ദി

* പെ. ബ പ്രീയർ ജനറലച്ചന്റെ ലേഖനത്തിൽ ഒരുഭാഗം.

യും സ്നേഹവും നിറഞ്ഞ ഹൃദയത്തോടുകൂടി ഈ ലേഖനം നിങ്ങൾക്കു അയക്കുകയും അതുവഴിയായി പ്രസ്തുത മഹോത്സവം യഥായോഗ്യം ആഘോഷിക്കുന്നതിനു ഏവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ചതിൽ എനിക്കു അത്യുന്നതമായ സന്തോഷമുണ്ടു.

൧൮൮൮-ാം കാലം മേയ്മാസം ൧൮-ാംന്നു- വിശ്രുതമായ മാന്നാനം കുന്നിന്മേൽ ന. വന്ദ്യ പിതാക്കന്മാരായ പെ. ബ. പാലക്കൽ തോമാ മല്പാനച്ചനും, പെ. ബ. പോളക്കര തോമാ മല്പാനച്ചനും അന്നത്തെ വൈദിക മേലദ്ധ്യക്ഷനായ നി. വ. ദി. ശ്രീ. മഗരെലിസു സ്ബിലീനി മെത്രാനച്ചന്റെ അംഗീകരണത്തോടും, സാന്നിദ്ധ്യത്തിലും, പല വൈദികരുടെയും ലൗകികരുടെയും സഹായസഹകരണങ്ങളോടുംകൂടി വി. യൗസേപ്പു പിതാവിന്റെ നാമത്തിൽ ന. സഭയുടെ മാതൃഭവനത്തിനും പ്രഥമ ദേവാലയത്തിനും ശിലാസ്ഥാപനകർമ്മം നടത്തിയപ്പോൾ നവമായ ഈ സന്ന്യാസസഭയുടെ ആരംഭം സംസ്ഥാപിതമായി.

ഭാരതഖണ്ഡത്തിൽ ക്രിസ്തീയ സഭയുടെ പിള്ളത്തൊട്ടിയെന്നു പേർവിളിക്കപ്പെട്ടതും കേരളഭൂമിയെതന്നെ ആധുനികകാലത്തു ഒരു ഏതദ്ദേശീയ സന്ന്യാസ സഭയുടെ ആസ്ഥാനമായി തിരഞ്ഞെടുപ്പാൻ തിരുമനസ്സായ ദൈവത്തിന്റെ അഗ്രാഹ്യമായ പരിപാലനയെ നാം ഇവിടെ ആരാധിപ്പാൻ എത്രയോ ന്യായമാകുന്നു. ആ സുദിനത്തിൽ, "പുണ്യപൂർണ്ണത പ്രാപിക്കുവാനും, ദൈവരാജ്യം പ്രചരിപ്പിക്കുവാനും" എന്നുള്ള സഭയുടെ മുദ്രാവാക്യമായ ആദർശത്തെ സർവ്വാത്മനാ സ്വീകരിച്ചുകൊണ്ടു ലോകത്തെ പരിത്യജിച്ചു തങ്ങളെ മുഴുവനും സന്ന്യാസ ജീവിതത്തിൽ ദൈവത്തിനു പ്രതിഷ്ഠിച്ച പ്രസ്തുത മഹാത്മാക്കളും അവരുടെ അനുയായികളും അനുഭവിച്ച ആദ്ധ്യാത്മിക സന്തോഷം അവർണ്ണനീയംതന്നെ ആയിരിക്കണം.

ചരിത്രപ്രാധാന്യമുള്ള ആ സ്മരണീയദിവസം മുതൽ ഏതൽക്കാലപര്യന്തമുള്ള സഭയുടെ ആഭ്യന്തരവും ബാഹ്യവുമായ വളർച്ചയും, ആദ്ധ്യാത്മികവും സാമുദായികവുമായ പ്രവർത്തനങ്ങ

ളും, സഭയായിട്ട് സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സെമിനാരികളും, വേദപാഠശാലകളും, വിദ്യാലയങ്ങളും, മുദ്രാലയങ്ങളും മുതലായ സ്ഥാപനങ്ങളും നിർവ്വഹിക്കുന്ന പ്രേഷിത ജോലികളും വഴിയായി കത്തോലിക്കസഭക്കും സമുദായത്തിനും ഉളവായിട്ടുള്ള അനശ്വര നന്മകളും ഭാഗ്യങ്ങളും കഴിഞ്ഞ ഒരു നൂറാണ്ടിലെ കേരളീയ സഭാചരിത്രം ലോകസമക്ഷം വിളിച്ചറിയിക്കുന്നുണ്ട്. നമ്മുടെ സഭാംഗങ്ങളും അവരുടെ ജീവിത പരിശുദ്ധിയും വേദപ്രസംഗങ്ങളും വഴിയായി മിശിഹായ്ക്കു നേടിയിട്ടുള്ള ആത്മാക്കളും അനേകമാകുന്നു. സഭയിൽനിന്നു ഇടംപ്രഥമമായി നമ്മുടെ നാട്ടിൽ ഹിന്തുക്കളെ മാനസാന്തരപ്പെടുത്തുവാൻ ചെയ്തിട്ടുള്ള പരിശ്രമങ്ങളും എത്ര ശ്രമസാധ്യങ്ങളായിരുന്നു എന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. സുറിയാനി സഭയെ നശിപ്പിക്കുവാനായി മലവെള്ളംപോലെ പാഞ്ഞൊഴുകി വന്ന ശീശ്മകളും തടുക്കുവാൻവേണ്ടി നമ്മുടെ പിതാക്കന്മാർ സ്വയ്ക്കും സ്വായസ്സിനെക്കൂടി തൃണതുല്യം ഗണിച്ചു പോരാടിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തിൽ നാം ചെയ്യുന്ന വേലകളും അത്യന്തം ശ്ലാഘ്യാംഗങ്ങളായി പരിഗണിക്കപ്പെടുന്നു. ഇവയിൽനിന്നു "മലമുകളിൽ പണിയപ്പെട്ടിട്ടുള്ള പട്ടണം ഒളിച്ചിരിപ്പാൻ വഹിയാ." (മത്താ. ൫ ൧൪.) എന്നുള്ള ദിവ്യരക്ഷകന്റെ ഉപദേശം അനുസരിച്ചു വിവിധസ്ഥലങ്ങളിൽ പണി ചെയ്യപ്പെട്ടിട്ടുള്ള നമ്മുടെ സഭാസ്ഥാപനങ്ങളായ ആദ്ധ്യാത്മിക പട്ടണങ്ങളും സുദൃമ്മത്തിന്റെയും, സുജ്ഞാനത്തിന്റെയും പ്രകാശം വഴിയായി രാജ്യമെല്ലാം പ്രശോഭിപ്പിക്കുകയും കത്തോലിക്കാ ചൈതന്യം എല്ലാ സ്ഥലങ്ങളിലും ഉത്തരോത്തരം പരിപോഷിപ്പിക്കയും ചെയ്തുകൊണ്ടിരിക്കുന്നു എന്നതെളിവാകുന്നു.

ആകയാൽ പരമകാരുണികനായ ദൈവം നമ്മുടെ പ്രേമമാതാവായ സന്ന്യാസസഭവഴിയായി സഭാംഗങ്ങളായ നമുക്കു ഓരോരുത്തർക്കും, സത്യവിശ്വാസികൾക്കും, ഇതര സമുദായങ്ങൾക്കും നല്കിക്കൊണ്ടിരിക്കുന്ന വിപുലങ്ങളായ അനുഗ്രഹദാനങ്ങളെ ഈ അവസരത്തിൽ നാം അവധാനപൂർവ്വം ചിന്തിച്ചു അവ

യ്ക്കു അനായാസ്യമായ നന്ദി പ്രകാശിപ്പിക്കേണ്ടതു നമ്മുടെ പ്രത്യേക കടമയാകുന്നു.



കുറിപ്പുകാലം.

കേരള സുറിയാനി കത്തോലിക്കാ സഭയുടെ ശതാബ്ദി ജൂബിലി ഇക്കഴിഞ്ഞ വന്ദ്യ ാംന- ഞായറാഴ്ച മാന്നാനം ആശ്രമത്തിൽവച്ചു നി. വ. ദിവ്യശ്രീമാന്മാരായ എറണാകുളം മെത്രാപ്പോലീത്താ, ബഥനി മെത്രാപ്പോലീത്താ, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം, വിജയപുരം മെത്രാന്മാർ എന്നീ തിരുമനസ്സുകളുടെയും മറ്റു പല മഹാന്മാരുടെയും സാന്നിദ്ധ്യസഹകാരണങ്ങളോടുകൂടി മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്നു. ഈ ശതാബ്ദി ചിഹ്നമാകയാൽ ഈ യാണ്ടിന്റെ പല ഘട്ടങ്ങളിലായി സഭവകയായുള്ള ഇതര ആശ്രമങ്ങളിലും ഏതത്സംബന്ധമായ ആഘോഷങ്ങൾ യഥായോഗ്യം നിർവ്വഹിക്കപ്പെട്ടുന്നതാണു.

കേരളീയ കത്തോലിക്കാ കോൺഗ്രസ്സിന്റെ ദ്വിതീയ സമ്മേളനം ഏപ്രിൽ ൨൨, ൨൩, ൨൪ എന്നീ തീയതികളിൽ മൂവാറ്റുപുഴ പള്ളി മൈതാനത്തിൽ കെട്ടിയലങ്കരിച്ചിരുന്ന പന്തലിൽവച്ചു ശുഭമായി പര്യവസാനിച്ചിരിക്കുന്നു. അവസാന ദിവസം ബഥനിയുടെ മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ ഇവാനിയോസ് തിരുമനസ്സിലെ വി. കുർബ്ബാനയും പ്രസംഗവുമുണ്ടായിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ആലപ്പുഴ സെന്റ് ജൂഡിയും കല്ലുപ്പാറ സഹദേശിയുമായ ശ്രീമാൻ എ. പീലിപ്പോസ് എം. എ, ബി. എല്ലും കുടുംബാംഗങ്ങളുമൊപ്പടെ ഇരുപതുപേർ ഇക്കഴിഞ്ഞ ഏപ്രിൽ ൧൯-൦ തീയതി ഞായറാഴ്ച അദ്ദേഹത്തിന്റെ വകയായി പണ്ടേതിട്ടുള്ള ദേവാലയത്തിൽവച്ചു കുർബ്ബാനാ സഭയിൽ ചേർന്നിരിക്കുന്നു. തദവസരത്തിൽ ബഥനി മെത്രാപ്പോലീത്താ മാർ ഇവാനിയോസ് തിരുമനസ്സുകൊണ്ടും മാറോനാ വൈദികരും മാന്യന്മാരും സന്നിഹിതരായിരുന്നു. ഇപ്പോൾ തിരുവല്ലാ, കല്ലുപ്പാറ, മല്ലപ്പള്ളി, നിരണം തുടങ്ങി താലൂക്കിന്റെ പല ഭാഗങ്ങളിൽ കുർബ്ബാനാ സഭയിലേക്കു ചേർന്നായി ഇരുന്നൂറു (൨൦൦) കുടുംബങ്ങളും അയിരം (൧൦൦൦) ആളുകളുമുണ്ടെന്നറിയുന്നു.

സ്പെയിനിലെ അല്പൻസോ മഹാരാജാവു ഏപ്രിൽ ൧൪-൦ തീയതി ഉച്ച വൈകുന്നേരം അഞ്ചു മണിക്കു സ്ഥാനത്യാഗം ചെയ്യുകയും പ്രജാധിപത്യകക്ഷിക്കാർ ഭരണഭാരം കയ്യേൽക്കയും ചെയ്തിരിക്കുന്നു. സ്പെയിനിലെ ഗവർമ്മെന്റിനെ ഫ്രാൻസ്, പൊർട്ടുഗൽ, മെക്സിക്കോ മുതലായ ഗവർമ്മെൻറുകളും അംഗീകരിച്ചിരിക്കുന്നു. ബ്രിട്ടൻ തത്സംബന്ധമായി ഉപരാജ്യ ഗവർമ്മെണ്ടുകളുമായി അ

ലോചിക്കുന്നതുള്ളൂ.

വഞ്ചിക്കാനിൽനിന്നും പ്രസിദ്ധപ്പെട്ടുത്തിയ ഒരു കണക്കനുസരിച്ചു ലോകത്തിൽ ആകെയുള്ള കത്തോലിക്കരുടെ സംഖ്യ ഇങ്ങിനെ കാണുന്നു:-

യൂറോപ്പ്	൨൦൫,൫൫൨,൦൦൦.
അമേരിക്ക	൧൯൩,൦൯൩,൦൦൦.
ഏഷ്യ	൧൫൬,൪൩൬,൯൦൦.
ആഫ്രിക്ക	൪,൩൩൦,൦൦൦.
ആസ്ത്രേലിയ	൧,൪൫൪,൦൦൦.
ആകെ	൩൫൧,൭൩൦,൯൦൦.

മോൺസിഞ്ഞോർ മൂണി തിരുമനസ്സിലെ അനുഗാമിയായി ഹിൽസ്ലി മെത്രാപ്പോലീത്തയെ ഇൻഡ്യയിലെ ദെഹംദേ അപ്പസ്തോലിക്കയായി നിയമിക്കുവാനിടയുണ്ടെന്നു ഇംഗ്ലണ്ടിൽനിന്നുള്ള "യൂണിവഴ്സ്" എന്ന കത്തോലിക്കപത്രം പറയുന്നു. ആഫ്രിക്കയിൽ ഇപ്പോൾ ദെഹംദേ അപ്പസ്തോലിക്കയായിരിക്കുന്ന ഈ തിരുമനസ്സു കൊണ്ടു മുമ്പു റോമായിൽ ഇംഗ്ലീഷ് കോളേജിലെ റക്ടരായും ബ്രിട്ടീഷ് ആഫ്രിക്കയിലെ വീസിസ്റ്റർ അപ്പസ്തോലിക്കയായും ജോലി നിർവ്വഹിച്ചിട്ടുണ്ട്.

യാക്കോബായ അസ്സോസിയേഷൻ കമ്മറ്റി സെക്രട്ടറി, എം. ഡി, എസ്. സി. നിരണം എന്നീ സ്കൂളുകളുടെ ഹെഡ് മാസ്റ്റർ എന്നീ നിലകളിൽ സുപ്രസിദ്ധനും ഒടുവിൽ കത്തോലിക്കനായി സഭകൂടുവാൻ അതിയായി പ്രയത്നിച്ച ഏവർക്കും മാതൃകയായിരുന്ന ദേവമയ മല്ലപ്പള്ളി കയ്യാലാത്തു കെ. വി. ചാക്കോ ബി. എ. എൽ. ടി. അവർകൾ പ്രമേഹരോഗം നിമിത്തം സ്വഭവനത്തിൽവെച്ചു മരിച്ചുപോയിരിക്കുന്നു എന്ന വിവരം അറിഞ്ഞു വ്യസനിക്കുന്നു. മരിക്കുന്നതിനു മുമ്പായി ഭാര്യയേയും മക്കളേയും അടുക്കൽ വിളിച്ചു അവർ എല്ലാവരും കത്തോലിക്കാസഭയിൽ ചേരണമെന്നു ഉപദേശിക്കയുണ്ടായി. കത്തോലിക്കസഭയെ പറ്റിയുള്ള മി. ചാക്കോയുടെ അഭിപ്രായം മരണക്കിടക്കയിൽ അദ്ദേഹം വ്യക്തമായി പറകയുണ്ടായി. 'How sweet is the Catholic Church; How consoling is the thought of being a Catholic'. കത്തോലിക്കാ സഭ എത്ര മധുരമുള്ളതും കത്തോലിക്കനായിരിക്ക എന്നവസ്ഥ എത്ര ആശ്വാസജനകവുമാണ്. പരേതന്റെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R. I. P.

നിലക്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ നു മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പത്തുണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അത്തിശയോക്തി സ്പർശംകൂടാതെ പറയാം. ഒരു കുപ്പിക്കു വില ക. ൨-൪൨-൦

കാസശ്വാസ നിവാരണി.

നിങ്ങൾ പലെ ഔഷധങ്ങളും ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും. കുപ്പി ഒന്നിനു ക. ൪-൭൨-൦.

പ്രമേഹ സംഹാരി.

ഈ മരുന്നു അതു മാസം ഉപയോഗിച്ചാൽ എതു പഴകിയ പ്രമേഹവും പൂർണ്ണ സുഖമാകുന്നതാണ്. ഒരു കുപ്പിക്കു വില ക. ൪-൪൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീര്യത്തു അഗ്നിമാന്ദ്യം, ശിരസ്സോദരം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിനാ' എല്ലാ തരത്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൗഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റ്സ്,

നമ്പ്ര് ൧൧, കോഴിക്കോട്ട്, മലബാർ.

ബാഡനിപ്രകാശിക.

വില അണ ൮.

ആയുർവ്വേദത്തിൽ മേൽവിലാസം:-

കുന്നപ്പിള്ളിൽ തോമാ ക.

പെരുമാനൂർ പ്ലൂട്ട്പള്ളി വികാരി,

പ്ലൂട്ട്പുരം, എറണാകുളം

Reg. No. C. 130.

പഞ്ചാംഗം.

മേയ് 1931.

൧വ	1	ചൊ.	വി.	പീലിപ്പൂ. യാക്കോബ്.
൨ൻ	2	ശ.	വി	അത്താനാസിയൂസ്.
൩൦	3	ഞാ.	✠	വി. ശ്ലീവാകണ്ടെടു.
൩൧	4	തി.	വി.	മോനിക്കാ.
൫വ	5	ചൊ.	വി.	അൻജെലോസ്.
൬ന	6	ബു.	വി.	എവേദിയൂസ്.
൭൪	7	വ്യാ.	വി.	സ്തനിസ്ലാവോ. വേ.
൮൫	8	വെ.	വി.	ദെനീസ് മെ.
൯ന	9	ശ.	വി.	ഗ്രിഗോ. നസ്യാൻ.
൧൦	10	ഞാ.	✠	വി. അന്തോനീനൊ.
൧൧വ	11	തി.	വി.	മമെർത്തസ്.
൧൨ൻ	12	ചൊ.	വി.	നേറോസ്.
൧൩൨	13	ബു.	വി.	ഫൂസ്യൂസ്.
൧൪൫	14	വ്യാ.	✠	ന. ക. സ്വർഗ്ഗാരോഹണം.
൧൫	15	വെ.	വി.	യോഹന്നാൻ.
൧൬	16	ശ.	വി.	ശെമയോൻ സ്തോക്ക്.
൧൭ന	17	ഞാ.	✠	വി. പാസ്ക്കൽ ബൈലോൻ.
൧൮൪	18	തി.	വി.	വെനാഞ്ഞു.
൨൯൫	29	ചൊ.	വി.	പത്രൊ. സെലസ്റ്റി.
൨൦ന	20.	ബു.	വി.	ബർണ്ണർദീൻ.
൨൧൪	21	വ്യാ.	വി.	ഹോസ്പിസിയ
൨൨൫	22	വെ.	വി.	റീത്താ.
൨൩ൻ	23	ശ.	വി.	ദെസിദെറിയൂസ്.
൨൪൦	24	ഞാ.	✠	പന്തക്കുസ്താ.
൨൫൧	25	തി.	വി.	മറ. മഗ്ദ പാ.
൨൬൨	26	ചൊ.	വി	പിലിപ്പ് നേരി.
൨൭൩	27	ബു.	വി.	വേദാ.
൨൮൪	28	വ്യാ.	വി.	അഗുസ്തീനോ മെ.
൨൯൫	29	വെ.	വി.	കോനോൻ.
൩൦ന	30	ശ.	വി	ഒത്തൊദോസ്യാ.
൩൧൪	31	ഞാ	✠	പരി. ത്രിത്വം.

✠ എല്ലാവക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.